6305

ഭാഷാ പാഠ്യപദ്ധതി

(Standards I—VII)

6305

മലയാളം പാഠ്യപദ്ധതി

(Standard I—VII)

ഉള്ളടക്കം

6305

ആമുഖം

മലയാളം

സംസ്കൃതം

ഹിന്ദി

കുറിപ്പ്: തമിഴ്, കർണ്ണാടകം, അറബി എന്നിവയുടെ പാഠ്യപദ്ധതികളും ഓരോന്നും പ്രത്യേകം പുസ്തകമായി അച്ചടിച്ചിട്ടുണ്ട്.

ഭാഷാ പാഠ്യപദ്ധതി

ആമുഖം

ഭാഷയിൽ വേണ്ടത്ര അടിത്തറ ഉറപ്പിക്കുവാൻ പര്യാപ്തമാകുമാറ് പാഠ്യപദ്ധതിയിൽ സമയം കൊള്ളിക്കുകയും പാഠ്യവസ്തുതകളും പ്രവർത്തനങ്ങളും നിർദ്ദേശിക്കുകയും ചെയ്തുകൊണ്ടാണ് പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഭാഷാസിദ്ധികളും കൈവരിക്കത്തക്കവണ്ണമായിരിക്കണം സാമൂഹ്യപാഠപരവും ശാസ്ത്രപരവുമായ വിഷയങ്ങളും അദ്ധ്യാപകൻ കൈകാര്യം ചെയ്യേണ്ടത്. അതോടുകൂടിത്തന്നെ ശാസ്ത്രത്തിനോട് കൂടുതൽ ആഭിമുഖ്യം വിദ്യാർത്ഥികൾക്ക് ജനിക്കുവാൻ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രാഥമിക ഘട്ടത്തിൽ നേടിയ സിദ്ധികളെ കൂടുതൽ ഉറപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുവാൻ മധ്യമഘട്ടത്തിൽ മാതൃഭാഷാദ്ധ്യാപകൻ ശ്രദ്ധിക്കണമെന്നുള്ളത് പ്രത്യേകം സ്മർത്തവ്യമാണ്. സാഹിത്യത്തിലേക്ക് ഉപനയിക്കുകയും സാഹിത്യരൂപങ്ങളുമായി പരിചയപ്പെടുത്തുകയും സാഹിത്യം ആസ്വദിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. സുശക്തമായി ഭാഷ കൈകാര്യം ചെയ്യാനുള്ള കെൽപ്പ് വിദ്യാർത്ഥികൾക്ക് നേടിക്കൊടുക്കുവാൻ അദ്ധ്യാപകൻ ശ്രമിക്കണമെന്നും ഊന്നി പറഞ്ഞുകൊള്ളുന്നു.

ഭാഷ പഠിപ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ള സമയവിവരപ്പട്ടിക

സ്റ്റാൻഡേർഡ് / വിഷയം	I	II	III	IV	V	VI	VII
പ്രഥമഭാഷ I—IV (മലയാളം, തമിഴ്, കർണ്ണാടകം, ഉറുദു, ഗുജറാത്തി.)	11	11	12	10	7	6	6
V—VIII (മലയാളം, തമിഴ്, കർണ്ണാടകം, സംസ്കൃതം, അറബി, ഉറുദു, ഗുജറാത്തി, ഹിന്ദി (ഒന്നാംഭാഗം))					(4+3)	(4+2)	(4+2)
ദ്വിതീയഭാഷ : ഇംഗ്ലീഷ്				2	7	6	6
						(4+2)	(4+2)
തൃതീയഭാഷ : ഹിന്ദി					2	3	3

അറബി പഠിപ്പിക്കുന്നതിന് പ്രാഥമികഘട്ടത്തിൽ (1—4 വരെ ക്ലാസ്സുകളിൽ) ആഴ്ചയിൽ നാലു പീരിയഡ് നീക്കിവച്ചിട്ടുണ്ട്. ക്രാഫ്റ്റ്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നീ വിഷയങ്ങൾക്കുള്ള പീരിയഡുകളാണ് ഇതിലേക്കു ഉപയോഗിക്കേണ്ടത്.

ഉറുദു, ഗുജറാത്തി, കൊങ്കണി എന്നീ ഭാഷകൾക്ക് ഇന്നുപാഠ്യപദ്ധതിയിൽ കൊടുത്തിട്ടുള്ള സ്ഥാനം, അതതു ഭാഷകൾ പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ തുടർന്നും അനുവദിക്കുന്നതാണ്.

വിദ്യാഭ്യാസ ഡയറക്ടർ

61/9193/V.

പാഠ്യപദ്ധതി

മലയാളം

സ്റ്റാൻഡേർഡ് 1–7

ഉപക്രമം

അന്യർ സാമാന്യം വേഗത്തിൽ സംസാരിക്കുന്നത് ഗ്രഹിക്കുക, സ്വന്തം ആശയങ്ങൾ മറ്റുള്ളവരെ അനായാസമായി ശുദ്ധഭാഷയിൽ സ്പഷ്ടമായി പറഞ്ഞു മനസ്സിലാക്കുക, ആശയങ്ങൾ വായിച്ചു ഗ്രഹിക്കുക. അർത്ഥം വ്യക്തമാകത്തക്കവണ്ണം വായിക്കുക നല്ല ഭാഷയിൽ എഴുതി പ്രകടിപ്പിക്കുക എന്നിവയായിരിക്കും ഒന്നു മുതൽ നാലുവരെ സ്റ്റാൻഡാർഡുകളിലെ ഭാഷാ ബോധന ലക്ഷ്യങ്ങൾ. നാലാം ക്ലാസ്സുവരെ പഠിച്ച് വിദ്യാലയം വിടുന്ന കുട്ടികൾക്ക് ലഭിച്ച അക്ഷരജ്ഞാനം നഷ്ടമായിപ്പോവാതെ അറിവു നേടിക്കൊടുക്കുവാൻ വർത്തമാന പത്രങ്ങളും കഥാ പുസ്തകങ്ങളും ലളിതഗ്രന്ഥങ്ങളും വായിക്കുന്നതിനുള്ള താൽപര്യം ഉണ്ടാക്കിക്കൊടുക്കുകയും വേണം.

ഭാഷാബോധനത്തിനു സഹായിക്കുന്ന പ്രധാനോപകരണം പാഠപുസ്തകമാണ്. പുസ്തകത്തിലെ ഭാഷ ലളിതവും അതാതു ക്ലാസ്സിനു യോജ്യമായ രീതിയിൽ ക്രമപ്പെടുത്തിയതുമായിരിക്കണം. മനുഷ്യന്റെയും അവന്റെ ചുറ്റുപാടുകളെയും കുറിച്ച് ബോധം നൽകുകയും കുട്ടികളുടെ ജിജ്ഞാസ വളർത്തുകയും അവർക്ക് ആസ്വാദനത്തിനു പ്രാപ്തി വരുത്തുകയും ചെയ്യുന്നതായിരിക്കണം പാഠങ്ങൾ. പാഠങ്ങളിൽ പകുതിയോളം കഥകളായിരിക്കണം. മറ്റു പാഠങ്ങൾ വിവരണം, വർണ്ണനം, സംഭാഷണം, നാടകം എന്നിങ്ങനെ പല രൂപങ്ങളിലായിരിക്കണം. ശാസ്ത്രവിജ്ഞാനത്തിലും സാമൂഹ്യപാഠങ്ങളിലും ഉൾപ്പെട്ട വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഉപന്യാസങ്ങളും വിവിധ ജീവിത മണ്ഡലങ്ങളിൽ പ്രസിദ്ധി ആർജ്ജിച്ച വ്യക്തികളുടെ ജീവചരിത്രവും ലോകസാഹിത്യവുമായി പരിചയപ്പെടുത്താനുള്ള ഭാഗങ്ങളും പാഠങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

പാഠപുസ്തകത്തിൽ ഉൾപ്പെടുത്തുന്ന കവിതകൾ ഭാഷാവൃത്തത്തിൽ രചിക്കപ്പെട്ടവയും സംസ്കൃതവൃത്തത്തിൽ രചിക്കപ്പെട്ടവയും ആയിരിക്കണം. വിവിധഭാവങ്ങൾ ചിത്രണംചെയ്യുന്ന കവിതകൾക്കും സ്ഥാനമുണ്ടായിരിക്കണം. തിരഞ്ഞെടുക്കുന്ന ഭാഗങ്ങൾ പ്രാചീനമായാലും ആധുനികമായാലും ശരി സ്റ്റാൻഡേർഡിന്റെ നിലവാരത്തിന് അനുയോജ്യമായിരിക്കേണ്ടതാണ്. കുട്ടികളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ടവയും അവരുടെ ലോല ഭാവനകൾക്കും കൈശോര സങ്കൽപ്പങ്ങൾക്കും അനുരൂപമായവയും ആയിരിക്കണം കവിതകൾ. ഗാനാത്മകത്വം, കാവ്യഭംഗി, സാരള്യം, രചനാഭംഗി എന്നിവ കവിതകൾക്കു ഉണ്ടായിരുന്നേ തീരൂ.

ബോധനസന്ദർഭത്തിൽ പദാവലി വികസിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. പര്യായപദങ്ങൾ നാനാർത്ഥങ്ങൾ, വിപരീതപദം തുടങ്ങിയവ നൽകുവാനും നിഷ്പന്നരൂപങ്ങൾ എടുത്തു പറയുവാനും അദ്ധ്യാപകൻ മറന്നുകൂടാ. നൂതനപദങ്ങളിൽ പ്രധാനമായിട്ടുള്ളവ വിദ്യാർത്ഥികളുടെ സ്വന്തം വാക്യങ്ങളിൽ പ്രയോഗിച്ചു അർത്ഥബോധം വരുത്തണം.

വചനശിക്ഷണത്തിന്റെ മുഖ്യാംശങ്ങളാണല്ലോ സംഭാഷണം, കഥാകഥനം, നാടകാഭിനയം തുടങ്ങിയവ. ഇവ എല്ലാ സ്റ്റാൻഡേർഡിലും നടത്തേണ്ടതാണ്. അതിലേയ്ക്കുള്ള വിഷയങ്ങൾ ചുറ്റുപാടുനിന്നും എന്നപോലെതന്നെ സാമൂഹ്യ പാഠങ്ങൾ, സാമാന്യശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട മണ്ഡലങ്ങളിൽ നിന്നു തിരഞ്ഞെടുത്ത് ബോധനം നിർവ്വഹിക്കണം. ഈ മാർഗ്ഗം സ്വീകരിക്കുന്നതുകൊണ്ട് കുട്ടിയുടെ ഭാഷാപ്രയോഗനൈപുണ്യവും ശാസ്ത്രജ്ഞാനവും സാമൂഹ്യവിഷയമായ അറിവും വികസിക്കുന്നതാണ് കുട്ടികളുടെ ആശയവും പദാവലിയും വികസിക്കുന്നതോടുകൂടി ഉച്ചാരണം ശുദ്ധമാവുകയും വാക്യ ബോധം ജനിക്കുകയും ചെയ്യുന്നതിനും വചനശിക്ഷണം പ്രയോജകീഭവിക്കുന്നു. മാത്രമല്ല കുട്ടികളുടെ ലജ്ജാസങ്കോചാദികളെ നിവാരണം ചെയ്യുന്നതിനും ശ്രദ്ധ വളരുന്നതിനും ആശയപ്രകാശനശക്തി മെച്ചപ്പെടുന്നതിനും വചനശിക്ഷണം അത്യന്തം ഉപകരിക്കുന്നതാണ്.

ശ്രാവ്യവായനയും മൗനവായനയും ഒന്നുപോലെ ഭാഷാബോധനത്തിൽ പ്രാധാന്യമർഹിക്കുന്നു. മൗനവായനയിൽ അഭ്യാസങ്ങൾ മുറയ്ക്കു നൽകുന്നത് മൂന്നാം ക്ലാസ്സുമുതൽ മതി. ശ്രാവ്യവായനയ്ക്ക് പലതരം ക്രീഡാരീതികളും മൗനവായനയ്ക്ക് സമുചിതമായ അഭ്യാസങ്ങളും സ്വീകരിക്കാവുന്നതാണ്.

പ്രയോഗങ്ങളെ മനസ്സിൽ കണ്ടുകൊണ്ട് വ്യാകരണമെന്ന് തോന്നാത്ത വണ്ണം വ്യാകരണകാര്യങ്ങൾ പഠിപ്പിക്കണം. ഏതേതു വ്യാകരണ കാര്യങ്ങൾ പഠിപ്പിക്കണമെന്ന് അതാതു സ്റ്റാൻഡേർഡിലെ പാഠപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പാഠപുസ്തകത്തിൽനിന്നു ധാരാളം ഉദാഹരണങ്ങൾ എടുത്തുകാണിച്ച് തത്തുല്യമാന രീതിയിൽ വേണം വ്യാകരണബോധനം നിർവ്വഹിക്കുവാൻ. ഗദ്യപാഠങ്ങളുമായി ബന്ധപ്പെടുത്തി സന്ദർഭാനുസരണം പഠിപ്പിക്കുന്നത് നന്ന്.

എല്ലാ സ്റ്റാൻഡേർഡിലും വാചികരചനയ്ക്ക് സ്ഥാനമുണ്ട്. എന്നാൽ മൂന്നു മുതൽ വാചികരചനയെത്തുടർന്ന് ലേഖനം ആരംഭിക്കണം. വചനശിക്ഷണവും ലിഖിതരചനയും കൈകോർത്തുപോകണം. സ്വാനുഭവങ്ങളെ ആസ്പദമാക്കിയുള്ള രചനയ്ക്ക് പ്രാധാന്യം നൽകണം. പഠിച്ച പാഠങ്ങളുടെ ചുരുക്കം പാഠപുസ്തകങ്ങളെ ആസ്പദമാക്കിയുള്ള മറ്റു രചനകൾ എന്നിങ്ങനെ ലിഖിതരചനയ്ക്ക് പല വിഷയങ്ങൾ തിരഞ്ഞെടുക്കാം. വിഷയ വിശകലനം ചെയ്യുന്നതിനും പൂർവാപര ബന്ധമുള്ള വാക്യങ്ങൾ തുടർച്ചയായി പറയുന്നതിനുമുള്ള കഴിവുണ്ടായശേഷം എഴുതിക്കുക. ഖണ്ഡികാകരണത്തിന്റെ പ്രാഥമിക തത്ത്വങ്ങൾ ദീക്ഷിച്ച് രചനയെഴുതണം. ലേഖനത്തിൽ പൂർണ്ണവിരാമം, അൽപവിരാമം, കാകു, വിക്ഷേപിണി എന്നിവ യഥാസ്ഥാനം ചേർക്കുവാൻ കുട്ടിക്കു പരിശീലനം നൽകണം. കുറഞ്ഞത് ഇരുപത് രചന എഴുതിച്ച് തിരുത്തിക്കൊടുക്കേണ്ടതാണ്. തെറ്റു തിരുത്തിയെഴുതിക്കാനും ശ്രദ്ധിക്കണം.

പദ്യങ്ങൾ ചൊല്ലുമ്പോൾ പണ്ടുപണ്ടേ, സ്വീകരിച്ചിട്ടുള്ള രീതിയാണ് ആദ്യം സ്വീകരിക്കേണ്ടത്. അത് നല്ലവണ്ണം ഉറച്ചതിനുശേഷം നവീനരീതികൾ കവിതാപാരായണത്തിന് ഉപയോഗിക്കുന്നതുകൊണ്ട് വിരോധമില്ല.

പാഠപുസ്തകത്തിൽ ഓരോ പാഠത്തിന്റെയും അവസാനത്തിൽ അഭ്യാസങ്ങൾ ഉണ്ടായിരിക്കണം. ഭാഷ, വ്യാകരണം, ആശയം എന്നിവയെ ആസ്പദമാക്കിയുള്ള അഭ്യാസങ്ങൾ ഗദ്യപാഠത്തിലും ആശയപരമായും ആസ്വാദനപരമായും ഉള്ള അഭ്യാസങ്ങൾ പദ്യപാഠത്തിലും നൽകേണ്ടതാണ്.

പാഠാവസാനത്തിൽ അധ്യേതാക്കൾക്കുവേണ്ടി ചെറിയ കുറിപ്പുകളും കടുത്ത ടൈപ്പിൽ പുതിയ പദങ്ങളുടെ പട്ടികയും നൽകണം. പദ്യപാഠങ്ങളിൽ

മൂലഗ്രന്ഥം കവിതാസന്ദർഭം, കർത്തൃത്വം, എന്നിവയെപ്പറ്റി സൂചന നൽകേണ്ടതാണ്, ഗ്രന്ഥകാരന്റെ ചിത്രം ലഭ്യമാണെങ്കിൽ അതുകൂടി ചേർക്കുന്നത് നന്നായിരിക്കും.

സ്റ്റാൻഡേർഡ്—1

പീരിയഡ്—11

ആമുഖം : അന്യർ സംസാരിക്കുന്നതു ഗ്രഹിക്കുക, സ്വന്തം ആശയങ്ങൾ മറ്റുള്ളവരെ അനായാസമായി ഗ്രഹിപ്പിക്കുക, പരിചിതപദങ്ങളും വാക്യങ്ങളും വായിച്ചു ഗ്രഹിക്കുക, അവ എഴുതുക എന്നിവയാണ് ഈ സ്റ്റാൻഡേർഡിലെ ബോധനലക്ഷ്യങ്ങൾ. ഗൃഹാന്തരീക്ഷത്തിൽനിന്നു വിദ്യാലയത്തിലേയ്ക്കുള്ള മാറ്റം സ്വാഭാവികവും അനായാസവും താൽപര്യജനകവുമായിരിക്കണം. ബോധനലക്ഷ്യങ്ങൾ ക്ലാസ്സിൽ ഒരുക്കുന്ന വിവിധ പ്രവർത്തനങ്ങളിലൂടെയും പല സന്ദർഭങ്ങളിലൂടെയും അധ്യാപകന്റെ അനുകൂലമായ അഭിഭാവത്തിലൂടെയും നേടേണ്ടതാണ്. ബോധനത്തിന്റെ വിവിധാംശങ്ങൾക്കായി പീരിയഡുകളെ വിഭജിക്കുന്നത് പാഠപുസ്തകത്തിലെ പാഠങ്ങളുടെ എണ്ണം, വാർഷികപദ്ധതി എന്നിവയെ ആസ്പദമാക്കിവേണം. പാഠപുസ്തകത്തെ ഉപജീവിച്ചുകൊണ്ട് തയ്യാറാക്കുന്ന ബോധനപദ്ധതിയിൽ വചനശിക്ഷണം, വായന, ലേഖനം, കഥാകഥനം, പദ്യപാരായണം തുടങ്ങിയവ ഉൾക്കൊള്ളിക്കണം.

പാഠപുസ്തകം : ഒന്നാംപാഠത്തിന്റെ കെട്ടും മട്ടും ആകർഷകമായിരിക്കണം. തടിച്ച ഒന്നാംതരം മേനിക്കടലാസ്സിൽ അച്ചടിക്കണം. ലിപികൾ ആദ്യഭാഗത്ത് സാമാന്യം വലിപ്പമുള്ളവയും പിന്നത്തെ പകുതിയിൽ താരതമ്യേന ചെറിയവയും ആയിരിക്കുന്നതുകൊള്ളാം. ബയൻറിംഗ് ഉറപ്പുള്ളതായിരിക്കണം. പാഠപുസ്തകത്തിന്റെ വലിപ്പം ഉദ്ദേശം 120 പുറം. രണ്ടോ മൂന്നോ ചിത്രകഥകൾ അക്ഷരബോധനത്തിനു ഉപകരിക്കുന്ന പാഠങ്ങൾ, 4 മുതൽ 10 വരെ വരികൾ വരുന്ന ഇരുപതു കുഞ്ഞിക്കവിതകൾ, ഏതാനും കഥകൾ എന്നിവ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കണം.

കുട്ടികൾക്ക് പരിചിതമായ വസ്തുക്കളുടെ ചിത്രങ്ങൾ ഉപയോഗിച്ചു അവതരിപ്പിക്കാവുന്നതും എഴുതാൻ എളുപ്പമുള്ളതുമായ അക്ഷരങ്ങൾ ആദ്യം അവതരിപ്പിക്കണം. അങ്ങനെ അഞ്ചോ ആറോ അക്ഷരപാഠങ്ങൾക്കുശേഷം ഓരോ ആവർത്തനപാഠം വേണം. അതുവരെ ഉപയോഗിച്ച പദങ്ങളും പഠിച്ചു കഴിഞ്ഞ അക്ഷരങ്ങൾ മാത്രം ഉപയോഗിച്ചുണ്ടാകുന്ന നൂതനപദങ്ങളും അതിൽ ഉൾപ്പെട്ടിരിക്കണം. ഏതാനും പദങ്ങൾ പഠിപ്പിച്ചുകഴിഞ്ഞാൽ ആ പദങ്ങൾ ഉൾപ്പെട്ട വാക്യങ്ങൾ നൽകേണ്ടതാണ്. രണ്ടാം ഘട്ടാവസാനമാകുമ്പോൾ അക്ഷരങ്ങൾ അക്ഷരമാലാക്രമത്തിന് എഴുതാനും കുട്ടിക്കു കഴിയണം.

പ്രാസഭംഗിയും ഈണവും ഉള്ളവയും ഇമ്പമുള്ളവാക്കുന്നവയുമായിരിക്കണം കവിതകൾ.

ധാത്രികഥകൾ, ജന്തുകഥകൾ, പ്രകൃതികഥകൾ, നാടോടികഥകൾ തുടങ്ങിയവ കഥാവിഭാഗത്തിൽ ചേർത്തിരിക്കണം. കഥകളുടെ വലുപ്പം ഇരുപതു വാക്യത്തിൽ കൂടരുത്. കഥാപാഠങ്ങളുടെ വലുപ്പം ഒന്നോ രണ്ടോ പുറത്തിൽ ഒതുക്കി നിറുത്തണം.

ശാസ്ത്രവിജ്ഞാനത്തിലും സാമൂഹ്യപാഠങ്ങളിലും വരുന്ന പദങ്ങളും ആശയങ്ങളും യഥാസ്ഥാനം സമുചിതമായി സന്നിവേശിപ്പിക്കണം.

ഉദ്ദേശം 600 പദം ആകെക്കൂടി പരിചയിപ്പിക്കാം.

ബോധനസൂചനകം : കുട്ടികൾക്ക് താൽപര്യമുള്ളതും അനുഭവപ്പെട്ടതും ശാസ്ത്രവിജ്ഞാനത്തിലും സാമൂഹ്യപാഠങ്ങളിലും ഉൾപ്പെട്ടതുമായ വിഷയങ്ങൾ വചനശിക്ഷണത്തിന് ഉപയോഗിക്കണം. തുടർച്ചയായി സംഭാഷണം ചെയ്യുവാനുള്ള ശേഷി കുട്ടിക്ക് സിദ്ധിക്കേണ്ടതാണ്. ചിന്തയുടെ ക്രമത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്. വാക്യബോധം ജനിപ്പിക്കുവാനും അപോച്ചാരണങ്ങൾ ബുദ്ധിപൂർവ്വം പരിഹരിക്കുവാനും അദ്ധ്യാപകൻ പ്രത്യേകം മനസ്സിരുത്തണം. ചിത്രങ്ങൾ ഉപയോഗിച്ചും രചനാഭ്യാസം, നടത്താം. സാമൂഹ്യപാഠം സാമാന്യവിജ്ഞാനം എന്നിവയ്ക്കുള്ള ബോധനസഹായികൾ വചനശിക്ഷണത്തിനു സന്ദർഭോചിതമായി ഉപയോഗിക്കണം. ഇത് പ്രസ്തുത വിഷയങ്ങളിലെ ആശയവും പദസമ്പത്തുമായി പരിചയപ്പെടുത്തുന്നതിന് സഹായകമായിരിക്കും.

വായന പഠിപ്പിക്കാൻ പദരീതി, വാക്യരീതി, സങ്കലിതരീതി എന്നിവ ഉപയോഗിക്കണം. വസ്തുക്കൾ, മാതൃകകൾ, ചിത്രങ്ങൾ, മിന്നൽക്കാർഡുകൾ എന്നീ പഠനോപകരണങ്ങൾ ബോധനത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

വായനയ്ക്കു തൊട്ടുപിന്നാലെ എഴുത്ത് ആരംഭിക്കണം. നല്ല വടിവിൽ ക്രമമായ രീതിയിൽ എഴുതി ശീലിപ്പിക്കണം. കേട്ടെഴുത്ത് പകർത്തിയെഴുത്ത് എന്നീ പ്രവർത്തനങ്ങൾക്കും വേണ്ടത്ര പ്രാധാന്യം നൽകണം. വായന, എഴുത്ത് എന്നിവയുടെ അഭ്യസനത്തിൽ സന്ദർഭോചിതം കൂടുതൽ ക്രീഡാരീതികൾ ഉൾപ്പെടുത്താവുന്നതാണ്. പദ്യം ചൊല്ലലിലൂടെ ഉച്ചാരണം നന്നാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അഭിനയഗാനം, സംഭാഷണപാഠം, കഥാകഥനം എന്നിവയുടെ ബോധനത്തോടൊത്ത് ആവശ്യാനുസരണം അഭിനയം, സംഘഗാനം തുടങ്ങിയ പഠനാനുബന്ധപ്രവർത്തനങ്ങൾ സംവിധാനം ചെയ്യണം. സംഗീതത്തിന് ഉപയോഗിക്കുന്ന പീരിയഡ് പദ്യപാരായണത്തിനും ഉപയോഗിക്കാവുന്നതാണ്.

പരീക്ഷ വാചികമായും ലിഖിതമായും നടത്തണം. വസ്തുനിഷ്ഠമായ ശോധനകൾ (പരീക്ഷകൾ) ഉപയോഗിക്കണം.

സ്റ്റാൻഡേർഡ്—2

പീരിയഡ്—11

ആമുഖം : ഒന്നാം സ്റ്റാൻഡേർഡിൽ നേടിയ ഭാഷാപരമായ കഴിവുകൾ സംപുഷ്ടമാക്കാൻ പര്യാപ്തമായിരിക്കണം ആ സ്റ്റാൻഡേർഡിലെ ബോധനം. പഠിച്ച പദങ്ങൾ കൂട്ടക്ഷരങ്ങൾ ഉച്ചാരണത്തിലും രൂപത്തിലും സംശയം ഉണ്ടാകാനിടയുള്ള വ്യഞ്ജനങ്ങൾ എന്നിവ ആവർത്തിച്ചുറപ്പിക്കുവാൻ സ്റ്റാൻഡേർഡിന്റെ ആരംഭകാലം ഉപയോഗിക്കാം. ആകെയുള്ള സമയം ഭാഷണം, വായന, ലേഖനം തുടങ്ങിയ സിദ്ധികൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ തക്കവണ്ണം സമുചിതമായി വിഭജിക്കേണ്ടതാണ്.

മലയാളം അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും പ്രധാനപ്പെട്ട കൂട്ടക്ഷരങ്ങളും ആവർത്തിച്ചുറപ്പിക്കുവാനും ഈ ക്ലാസ്സിൽ സന്ദർഭം ഉണ്ടാകുന്നു. പദ്യപാരായണത്തിനായി സംഗീതത്തിനു നീക്കിവച്ചിട്ടുള്ള പീരിയഡും സൗകര്യമുള്ളപ്പോൾ ഉപയോഗിക്കാവുന്നതാണ്.

പാഠപുസ്തകം : ഗദ്യം രണ്ടുപുറം വീതമുള്ള മുപ്പത്തഞ്ചോ നാല്പതോ പാഠങ്ങൾ ആകാം. അവയിൽ ഒട്ടുമുക്കാലും കഥകളായിരിക്കണം. സാമൂഹ്യപാഠങ്ങളിലും ശാസ്ത്രവിജ്ഞാനത്തിലും ഉൾപ്പെട്ട വിഷയങ്ങളിൽ അറിവു നൽകുന്ന പാഠങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ആഖ്യാനം, വിവരണം, കഥ, സംഭാഷണം എന്നീ വിവിധ രൂപങ്ങളിലായിരിക്കണം പാഠങ്ങൾ.

പദ്യം : ഏകദേശം 200 വരി. ഒരു പാഠത്തിൽ 12 മുതൽ 16 വരെ വരിയാകാം. താരാട്ട്, തുള്ളൽപ്പാട്ട്, നാടോടിപ്പാട്ട്, ഗാഥ തുടങ്ങിയ ഭാഷാകവിതകളും സംസ്കൃതവൃത്തത്തിലുള്ള ലളിതപദ്യങ്ങളും ഉൾപ്പെടുത്തണം. എല്ലാ കവിതകളും ഹൃദിസ്ഥമാക്കണം.

500 പദങ്ങളും ഈ സ്റ്റാൻഡേർഡിൽ നൽകാവുന്നതാണ്.

പാഠപുസ്തകത്തിന്റെ വലിപ്പം 100 പുറത്തിൽ കവിയരുത്. ഒന്നാംപാഠത്തിന്റെ അവസാന ഭാഗത്തുള്ള ടൈപ്പ് ഇവിടെ ഉപയോഗിക്കാം. നൂതനപദങ്ങളുടെ പട്ടിക നൽകണം.

ബോധനസൂചനകൾ : ഒന്നാംസ്റ്റാൻഡേർഡിൽ ആരംഭിച്ച വചനശിക്ഷണാഭ്യാസങ്ങൾ കൂടുതൽ വിപുലവും വിവിധവുമായ രീതിയിൽ ഇവിടെയും തുടരേണ്ടതാണ്. ശബ്ദാവലിപോഷണം, ഉച്ചാരണശുദ്ധി, ഭാഷാശുദ്ധി എന്നിവയെ ലക്ഷ്യമാക്കി വേണം വചനശിക്ഷണം നടത്തുവാൻ. പഠിച്ച കഥകളിൽ അഭിനയയോഗ്യമായവ അഭിനയിക്കണം. ഉച്ചാരണശുദ്ധിയോടും ആശയംവ്യക്തമാകുമാറും ഈണത്തിൽ പാഠങ്ങൾ ചൊല്ലണം.

പാഠപുസ്തകത്തിൽ നിന്നും, പഠിച്ച ഭാഗങ്ങൾ തെറ്റുകൂടാതെ കേട്ടെഴുതാൻ കഴിയണം. കേട്ടെഴുത്തിന് പദങ്ങളും വാക്യങ്ങളും നൽകേണ്ടതാണ്. നോക്കിയെഴുത്തിനുശേഷം കേട്ടെഴുത്തു നൽകണം.

ഇരട്ടവരിയിൽ പാഠഭാഗങ്ങൾ പകർത്തിയെഴുതക്കണം. എഴുതുമ്പോൾ അക്ഷരവടിവും ലിപിവിന്യാസവും ശ്രദ്ധിക്കണം, പകർത്തിയെഴുത്തു പരിശോധിക്കേണ്ടതാണ്. അച്ചടിക്കോപ്പി ബുക്കിൽ എഴുതിശീലിപ്പിക്കണം.

അതാതു കവിതയ്ക്ക് പറ്റിയ ഈണത്തിൽ കവിത ചൊല്ലാൻ കുട്ടിക്കു കഴിയണം. ചിത്രകഥാമാസികകളും ബാലസാഹിത്യകൃതികളുമായി പരിചയപ്പെടുത്തി വായനയിൽ അഭിരുചി വളർത്തണം.

സ്റ്റാൻഡേർഡ് 3

പീരിയഡ് 12

ആമുഖം : സാമാന്യംവേഗത്തിൽ മറ്റുള്ളവർ പറയുന്നത് കേട്ട് മനസ്സിലാക്കുവാനും ഭാഷയിൽ സ്പഷ്ടമായും അനായാസമായും സ്വന്തം ആശയം അന്യരെ പറഞ്ഞു മനസ്സിലാക്കുവാനും ആശയങ്ങൾ വായിച്ചു മനസ്സിലാക്കുവാനും ശുദ്ധമായ ഭാഷയിൽ എഴുതി പ്രകടിപ്പിക്കുവാനും കഴിവുണ്ടാകണം. സംഗീതത്തിനുള്ള പീരിയഡു പദ്യംചൊല്ലാനും കവിത പാരായണം ചെയ്യാനും ഉപയോഗിക്കാം. ആകെസമയം വചനശിക്ഷണം, വായന, ലേഖനം വ്യാകരണം എന്നിവയ്ക്ക് ഉപയോഗിക്കാം.

പാഠപുസ്തകം : ഗദ്യം രണ്ടുപുറം വീതമുള്ള 35 മുതൽ 40 വരെ പാഠങ്ങൾ ഉൾപ്പെടുത്താം. പാഠങ്ങളിൽ പകുതിയിലധികം കഥകളായിരിക്കണം. മറ്റുള്ളവ ലഘുവിവരണം, വർണ്ണനം, സംഭാഷണ, നാടകം, കത്ത്, ജന്തുകഥകൾ എന്നീ വിവിധ രൂപങ്ങളിൽ ഉൾപ്പെട്ടതായിരിക്കണം. വിവിധ വിജ്ഞാന ശാഖകളുമായി ബന്ധപ്പെട്ട പാഠങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

പദ്യം : 200 വരി. 20 വരിയിൽ കവിയാത്ത പദ്യഭാഗങ്ങളാവാം. മുൻ സ്റ്റാൻഡേർഡിനെക്കാൾ ഭാഷാപരമായും ആശയപരമായും ഗഹനമായിരിക്കണം. ഗാഥ, പാന, തുള്ളൽ, അന്നനട, എന്നീ ദ്രാവിഡവൃത്തങ്ങളിലും താരാട്ട്, കുറത്തിപ്പാട്ട്, തുടങ്ങിയ ഗാന രീതികളിലും ഉള്ള കവിതകൾ വേണ്ടതാണ്. പ്രാചീനകൃതികളും ആധുനിക കവിതകളുമാകാം. എല്ലാ കവിതകളും ഹൃദിസ്ഥമാക്കണം.

ഉദ്ദേശം 700 പദം ഈ സ്റ്റാൻഡേർഡിൽ അവതരിപ്പിക്കാം.

പാഠപുസ്തകത്തിന്റെ വലുപ്പം 100 പുറം. ടൈപ്പ് മുൻ പുസ്തകത്തിലെതിനേക്കാൾ ചെറുതാവാം. 14 പോയിൻറ് ടൈപ്പു ഉപയോഗിക്കണം. നൂതനപദങ്ങളുടെയും ശൈലികളുടെയും പട്ടിക പാഠാവസാനം ചേർക്കണം.

വ്യാകരണം : നാമം, ക്രിയ, വിശേഷണം, ആഖ്യ, ആഖ്യാതം നാമത്തിന്റെ ലിംഗവചനരൂപങ്ങൾ.

ബോധനസൂചനകൾ : കുട്ടി ആശയഗ്രഹണത്തോടും അക്ഷരസ്ഫുടതയോടും സ്വഭാവികതയോടും കൂടി വായിക്കണം. മൗനവായനശീലിപ്പിക്കണം.

സംഭാഷണത്തിനു സ്വാനുഭവങ്ങൾ, സാമാന്യവിജ്ഞാനത്തിലും സാമൂഹ്യപാഠങ്ങളിലുമുള്ള വിഷയങ്ങൾ തുടങ്ങിയവ ഉപയോഗിക്കാം. വചനശിക്ഷണത്തിൽ നൽകുന്ന പരിശീലനം കുട്ടികൾക്കു ലഘുപ്രസംഗങ്ങൾ ചെയ്യുന്നതിനുള്ള കരുത്തും കഴിവും ഉണ്ടാക്കിക്കൊടുക്കണം.

പകർത്തിയെഴുത്ത് : പാഠപുസ്തകത്തിൽനിന്നു ഒറ്റവരിയിൽ എഴുതിക്കണം. കൈയക്ഷരത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അച്ചടിക്കോപ്പി പുസ്തകത്തിൽ പെൻസിൽ കൊണ്ട് എഴുതിശീലിക്കണം.

രചന : പരിചിതവസ്തുക്കളെയും നിത്യജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളെയും പറ്റി രചനയെഴുതിക്കാം. ഇരുപതു രചനയെങ്കിലും എഴുതിച്ചു തിരുത്തിക്കൊടുക്കേണ്ടതാണ്. വിവരണം, കത്ത്, കഥ, എന്നീ അഭ്യാസങ്ങൾ ഈ ക്ലാസ്സിൽ ആകാം.

പദ്യപാരായണം : തെറ്റുകൂടാതെയും അർത്ഥം വ്യഞ്ജിക്കുന്ന വിധത്തിലും അനുരൂപമായ ഈണത്തിലും വേണം പദ്യപാരായണം. വൃത്തസ്വഭാവമനുസരിച്ചുതന്നെ കവിതകൾ ചൊല്ലിച്ചശേഷം പുതിയ രീതികൾ സ്വീകരിക്കാം.

മറ്റുപ്രവർത്തനങ്ങൾ :

1. നാടകപാഠങ്ങൾ അഭിനയിപ്പിക്കുക.
2. സംഭാഷണപാഠങ്ങൾ ഭാവസ്ഫുരണത്തോടുകൂടി വായിപ്പിക്കുക.
3. കഥാപാഠത്തോടു ബന്ധപ്പെട്ട മറ്റു കഥകൾ പറയിക്കുക.
4. എഴുത്തുകാരുടെ ചിത്രങ്ങൾ ശേഖരിക്കുക.
5. ഡയറിക്കുറിപ്പ് എഴുതുക.
6. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും കത്തുകൾ എഴുതുക.
7. മഹാൻമാരുടെയോ, സസ്യങ്ങളുടെയോ ജന്തുക്കളുടെയോ ചിത്രങ്ങൾക്ക് താഴെ ചെറിയ കുറിപ്പ് എഴുതുക.
8. പഠനയാത്രകൾക്കുശേഷം അവയെ ആസ്പദമാക്കി സംഭാഷണം നടത്തുകയും രചന എഴുതിക്കുകയും ചെയ്യുക.
9. വിദ്യാലയത്തിലേക്ക് ന്യൂസ്ബുള്ളറ്റിൻ തയ്യാറാക്കുക.
10. വിദ്യാലയത്തിലെ ന്യൂസ്ബോർഡ് വായിക്കുക.
11. തുള്ളൽ, കഥാപ്രസംഗം, നാടകം എന്നിവ കാണുവാനും കേൾക്കുവാനുമുള്ള സന്ദർഭം ഉണ്ടാക്കുക.

സ്റ്റാൻഡേർഡ് 4

പീരിയഡ് 10

ആമുഖം : മുൻസ്റ്റാൻഡേർഡിൽ നേടിയ സിദ്ധികളും നഷ്ടപ്പെടാതെ നിലനിറുത്തുകയും കൂടുതൽ അറിവ് നേടിയെടുക്കുവാൻ സഹായമാകുമാറ്, പത്രങ്ങളും കഥാപുസ്തകങ്ങളും, വായിച്ചു മനസ്സിലാക്കുവാനുള്ള താത്പര്യം വളർത്തിയെടുക്കുകയും ചെയ്യുന്നതിനു് ഉതകുന്നതാവണം നാലാം സ്റ്റാൻഡേർഡിലെ ഭാഷാബോധനം.

സംഗീതത്തിനുള്ള പീരിയഡിലും ഭാഷാപാഠവുമായി ബന്ധിപ്പിച്ചു് കഥനം നടത്താം. വായന, ലേഖനം, രചനയെഴുത്തു്, വ്യാകരണം എന്നിവയ്ക്കു് പീരിയഡുകളും ഔചിത്യപൂർവ്വം വിഭജിക്കാവുന്നതാണു്.

പാഠപുസ്തകം–ഗദ്യം : മൂന്നുപുറംവീതമുള്ള ഇരുപത്തിയഞ്ചു പാഠങ്ങളും ആകാം. ഗദ്യപാഠങ്ങളിൽ കഥകൾക്കു പുറമേ വിവിധസാഹിത്യരൂപങ്ങൾക്കും സ്ഥാനമുണ്ടായിരിക്കണം. ലഘുനാടകങ്ങളും, ലഘുജീവചരിത്രങ്ങളും, സാഹിത്യ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധാരണങ്ങളും എന്നിവ ഉൾപ്പെടുത്തണം.

പദ്യം : 200 വരി. മൂന്നാം സ്റ്റാൻഡേർഡിലെപ്പോലെ വിവിധതരത്തിൽപ്പെട്ട കവിതകളും ഉണ്ടായിരിക്കണം. ഒരു കവിതയ്ക്ക് ഏകദേശം 40 വരിയോളം ദൈർഘ്യം ആകാം. ആശയത്തിലും ഭാഷയിലും മൂന്നാം തരത്തിലെക്കാൾ നിലവാരം കൂടിയിരിക്കണം.

പാഠപുസ്തകത്തിനു് ഉദ്ദേശം 120 പുറം വലിപ്പമാകാം. ഏകദേശം 1000 പദങ്ങൾ പുതുതായി അവതരിപ്പിക്കാം.

വ്യാകരണം : കർത്താവു്, കർമ്മം, ക്രിയ, ക്രിയയുടെ കാലങ്ങൾ, ഗതി, ഘടകം, വ്യാക്ഷേപകം, വിഗ്രഹനം-പൂർണ്ണവിരാമം, കാകു, വിക്ഷേപിണി.

ബോധന സൂചനകൾ : വായന, പദ്യപാരായണം, പകർത്തിയെഴുത്തു്, കേട്ടെഴുത്തു് എന്നിവ മൂന്നാം ക്ലാസ്സിലെപ്പോലെ തന്നെ. കേട്ടെഴുത്തിനു് വാക്യങ്ങളും ഉപയോഗിക്കാം. വചനശിക്ഷണം ലഘുപ്രസംഗം ചെയ്യുന്നതിനുള്ള കഴിവു് നേടുന്നതിനു് പര്യാപ്തമാവണം.

രചന : ഉദ്ദേശം ഇരുപതു രചന എഴുതിക്കണം. വചനശിക്ഷണം കഴിഞ്ഞേ രചനയെഴുതിക്കാവു. ഓരോ രചനയും തെറ്റുതിരുത്തി എഴുതിക്കണം. ഖണ്ഡികാകരണത്തിന്റെ പ്രാഥമികതത്ത്വങ്ങൾ ഗ്രഹിപ്പിക്കണം.

രചനാഭ്യാസങ്ങൾ ചിത്രമുപയോഗിച്ചു്. ചിത്രത്തെക്കുറിച്ചു വിവരണം. പരിചിതവസ്തുക്കളെയും ജന്തുക്കളെയും കുറിച്ചു വിവരണം; സംഭവവിവരണം; പഠിച്ചകഥകളുടെ ചുരുക്കം; കുട്ടികളുടെ ജീവിതാനുഭവങ്ങൾ; ചെറിയതരം കത്തുകൾ.

മറ്റു പ്രവർത്തനങ്ങൾ : മൂന്നാം സ്റ്റാൻഡേർഡിൽ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾക്കു് പുറമേ ചുവടെകൊടുക്കുന്നവയും ആകാം.

1. വർത്തമാനപ്പത്രങ്ങൾ വായിച്ചു് സംഗ്രഹം പറയുക.
2. പ്രക്ഷേപണം ശ്രദ്ധിച്ചു് പ്രധാനവാർത്തകൾ കുറിക്കുക.
3. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, നീതി വാക്യങ്ങൾ എന്നിവ ശേഖരിക്കുക,
4. ലളിതഗ്രന്ഥങ്ങൾ വായിച്ചു് കുറിപ്പെഴുതുക.
5. വിവിധ സന്ദർഭങ്ങൾക്കൊത്തു് പ്രസംഗം നടത്തുക. സ്വാഗത പ്രസംഗം, കൃതജ്ഞതാപ്രസംഗം, അനുശോചനപ്രസംഗം, ആശംസാപ്രസംഗം
6. ബാലസഭകളിലും ചർച്ചാവേദികളിലും പങ്കുകൊണ്ടു് അഭിപ്രായം പറയുക.

സ്റ്റാൻഡേർഡ് 5–7

ഉപക്രമം : ഒന്നുമുതൽ നാലുവരെ സ്റ്റാൻഡേർഡുകളിൽ നേടിയ ഭാഷാസിദ്ധികളെ സംപുഷ്ടമാക്കുന്നതോടുകൂടി ഭാഷാസാഹിത്യവുമായി കൂടുതൽ പരിചയം നേടികൊടുക്കുവാനും സാഹിത്യാസ്വാദനത്തിനു കഴിവുണ്ടാകുവാനും പര്യാപ്തമായിരിക്കണം ഈ ഘട്ടത്തിലെ ഭാഷാബോധനം. ശുദ്ധമായ ഭാഷാകൈകാര്യം ചെയ്യാനുള്ള കെൽപ്പ് കുട്ടിക്കു ലഭിച്ചത് ഉറപ്പിക്കുകയും പടാവലി വികസിപ്പിക്കുകയും ഭാഷയുടെ കെട്ടുപാട് മനസ്സിലാക്കിക്കൊടുക്കാനുതകുന്ന വ്യാകരണകാര്യങ്ങളും നൽകുകയും നിഘണ്ടു ഉപയോഗിക്കുന്നതിനുള്ള പരിചയവും പരന്ന വായനയ്ക്കുള്ള സൗകര്യവും നൽകുകയും ചേയ്യേണ്ടതു് ഈ അവസരത്തിലാണു്.

ഏഴാംക്ലാസ്വിടുന്ന വിദ്യാർത്ഥി സാഹിത്യം ആസ്വദിക്കുന്നതിനും ചെറുകഥകളും ലഘൂപന്യാസങ്ങളും ചെറുഖണ്ഡികകളും രചിക്കുന്നതിനും, കത്തുകളും അപേക്ഷകളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിനും ചെറുപ്രസംഗം ചെയ്യുന്നതിനും കഴിവുള്ളവനായിത്തീരണം. സ്വതന്ത്രമായും വ്യാപകമായും മൗനമായും ധാരാളം ഗ്രന്ഥങ്ങൾ വായിച്ച് അറിവുനേടുവാനും ഉൾക്കൊണ്ട ആശയങ്ങൾ പ്രകടിപ്പിക്കുവാനും കുട്ടിക്ക് സാദ്ധ്യമാവണം. ചുരുക്കിപ്പറഞ്ഞാൽ ആശയങ്ങൾ ഗ്രഹിക്കുവാനും പ്രകാശിപ്പിക്കുവാനുമുള്ള കഴിവ് പ്രാഥമിക വിദ്യാലയം വിടുമ്പോൾ വിദ്യാർത്ഥിക്ക് ഉണ്ടായിരിക്കേണ്ടതാണു്.

മുൻ സ്റ്റാൻഡേർഡുകളിലെപ്പോലെ വചനശിക്ഷണം ഈ ഘട്ടത്തിനും അനുപേക്ഷണീയമാണ്. സംഭാഷണം, കഥാകഥനം, നാടകാഭിനയം, പ്രസംഗം തുടങ്ങിയ ഇനങ്ങൾ ഈ ക്ലാസ്സിലും തുടരേണ്ടതാണ്.

മൗനവായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നതാണ് ഈ ഘട്ടത്തിൽ ശ്രദ്ധിക്കേണ്ട മറെറാരു സംഗതി.

ഒരാണ്ടിൽ കുറഞ്ഞത് ഇരുപതു രചനയെങ്കിലും എഴുതിച്ചു തിരുത്തിക്കണം.

മലയാള വ്യാകരണകാര്യങ്ങൾ നൽകുന്നതോടുകൂടി മലയാളഭാഷാപഠനത്തിന് അത്യാവശ്യമായ സംസ്കൃത വ്യാകരണകാര്യങ്ങളും പഠിപ്പിക്കണം.

പദ്യം ചൊല്ലുമ്പോൾ പണ്ടുപണ്ടേ സ്വീകരിച്ചിട്ടുള്ള രീതിയിൽ ചൊല്ലി ശീലിപ്പിച്ചശേഷം മതി നവീനരീതി.

പാഠപുസ്തകത്തിൽ പാഠാവസാനം അഭ്യാസങ്ങൾ മാതൃകയായി ഉണ്ടായിരിക്കണം. പാഠത്തെ ആസ്പദമാക്കിയുള്ള വിശദീകരണക്കുറിപ്പുകൾ നൽകുന്നത് അധ്യേതാക്കൾക്ക് സഹായകമായിരിക്കും. കവിതാപാഠങ്ങളിൽ മൂലകൃതി, കവിതാസന്ദർഭം, കർത്തൃത്വം എന്നിവയെപ്പററി സൂചനകൾ ഉണ്ടായിരിക്കുന്നതുകൊരെള്ളാം.

സ്റ്റാൻഡേർഡ് 5

6 പീരിയഡ്

ഒന്നാംഭാഗം 4 പീരിയഡ്

പാഠപുസ്തകം : ഗദ്യം മൂന്നു പുറത്തിൽ കവിയാത്ത ഇരുപത്തിയഞ്ചു പാഠങ്ങൾ. കഥ, സംഭാഷണം, കത്ത്, യാത്രാവിവരണം, വർണ്ണനം, ലഘൂപന്യാസങ്ങൾ എന്നിങ്ങനെ വിവിധവിഭാഗങ്ങളിൽ ഉൾപ്പെട്ടവയായിരിക്കണം.

കുട്ടികളുടെ ജ്ഞാനതൃഷ്ണ, യുക്തിചിന്ത, ഭാവനാശക്തി, ശാസ്ത്രാഭിരുചി എന്നിവ വളർത്തുന്ന പാഠങ്ങൾ ഉൾപ്പെടുത്തണം.

പദ്യം : 250 വരി. ദ്രാവിഡവൃത്തങ്ങളിലും സംസ്കൃത വൃത്തങ്ങളിലും ഉൾപ്പെട്ട കവിതകൾ വേണം. പ്രസിദ്ധ കവികളുടെ കവിതകൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പാഠപുസ്തകം 120 പുറം ഉണ്ടായിരിക്കണം. 500 പദം പുതുതായി അവതരിപ്പിക്കണം.

വ്യാകരണം : വാക്യം വാക്യവിഭാഗം, ശബ്ദവിഭാഗം വാചകം ദ്യോതകം, അക്ഷരം, വർണ്ണവിഭാഗം, നാമത്തിന്റെ അവാന്തര വിഭാഗങ്ങൾ, ക്രിയ, സകർമ്മകം, അകർമ്മകം, സർവ്വനാമം, ലിംഗം, വചനം ആവർത്തനം, വിഭക്തി, ചിഹ്നനം-അർദ്ധവിരാമം, അൽപ്പവിരാമം.

ബോധനസൂചനകൾ : കവിതകളെല്ലാം വിദ്യാർത്ഥികൾ മനഃപാഠമാക്കണം. ഇവ ഉച്ചാരണശുദ്ധിയോടുകൂടി നല്ലരീതിയിൽ ചൊല്ലണം. ഗദ്യപാഠങ്ങൾ ഉച്ചാരണശുദ്ധിയോടും അർത്ഥഗ്രഹണത്തോടും ഭാവസ്ഫുരണത്തോടും കൂടി വായിക്കണം. മൗനവായനയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകി ഗദ്യപാഠങ്ങൾ പഠിപ്പിക്കേണ്ടതാണ്.

പകർത്തിയെഴുത്ത് കേട്ടെഴുത്ത് എന്നിവ മുൻസ്റ്റാൻഡേർഡുകളിലെപ്പോലെ തുടരും.

രണ്ടാംഭാഗം 3 പീരിയഡ്

ഉപപാഠപുസ്തകം : 100 പുറത്തിൽ കവിയരുത്. സരസങ്ങളായകഥകൾ സഞ്ചാരകഥകൾ, ജീവചരിതാവലി, ഇവയിൽ എതെങ്കിലും ഒന്നു തിരഞ്ഞെടുക്കാവുന്നതാണ്. മൗനവായനയ്ക്ക് പ്രാധാന്യം നൽകിവേണം ബോധനം നിർവഹിക്കുവാൻ. സൂത്രവാക്യം പറയുക, ചുരുക്കം പറയുക, പ്രധാനാശയം പറയുക, തലക്കെട്ട് നൽകുക, വിവക്ഷിതം പ്രസ്താവിക്കുക എന്നീ അഭ്യാസങ്ങൾ നടത്തി മൗനവായനയിൽ പരിശീലനം നൽകാവുന്നതാണ്.

രചന : കുറഞ്ഞത് ഇരുപതു രചനയെഴുതിക്കണം. ചിഹ്നനത്തിലും ഖണ്ഡികാകരണത്തിലും ശ്രദ്ധിച്ച് രചനയെഴുതണം. വചനശിക്ഷണം കഴിഞ്ഞേ രചന എഴുതിക്കാവൂ. എഴുതിച്ചശേഷം തിരുത്തിക്കൊടുക്കണം. തെറ്റുതിരുത്തി എഴുതിക്കുകയുംവേണം. ഉദാ : പഠിച്ച കഥയുടെ ചുരുക്കമെഴുതുക, പഴഞ്ചൊല്ലുകളുടെ ആശയം വികസിപ്പിക്കുക, പരിചിതവസ്തുക്കളെ, സംഭവങ്ങൾ, ആഘോഷങ്ങൾ, ദൃശ്യങ്ങൾ എന്നിവയുടെ ലഘുവിവരണം.

വാക്യപരിവർത്തനം നടത്തുക : ചൂർണ്ണിക or സങ്കീർണ്ണകം
വിധി or നിഷേധം
കർത്തരിപ്രയോഗം or കർമ്മണിപ്രയോഗം

മറ്റുഭാഷാപരപ്രവർത്തനങ്ങൾ :

എ. 1. കഥാഭിനയം

2. കഥാസന്ദർഭങ്ങളെ അഭിനയയോഗ്യമാക്കി നാടകാഭിനയം

3. പദ്യപാരായണമൽസരം

4. അക്ഷരശ്ലോകമൽസരം

5. കവിതകളുടെ സംഗീതാവിഷ്കരണം

6. സാഹിത്യകാരൻമാരുടെ ഗ്രന്ഥങ്ങളും ചിത്രങ്ങളും സമാഹരിക്കൽ
7. കവിസൂക്തികളും സമാഹരിക്കുക
8. സാഹിത്യകാരൻമാരുടെ ഒപ്പ് ശേഖരിക്കുക
9. കഥകളെ നാടകമാക്കി രൂപാന്തരപ്പെടുത്തുക

ബി. 1. സാഹിത്യ സമാജങ്ങളും സംഘടിപ്പിക്കുക, പ്രവർത്തിപ്പിക്കുക

2. കൈയെഴുത്തുമാസിക നടത്തുക
3. സാഹിത്യമൽസരം—കഥ, നാടകം, കവിത—ഏർപ്പെടുത്തുക
4. കൈയെഴുത്തു മൽസരം നടത്തുക
5. വായനശാലയും ക്ലാസ്സ് ലൈബ്രറിയും (പുസ്തകങ്ങളും വായിച്ച് നോട്ടുകുറിക്കുക)
6. റേഡിയോ ശ്രവണം—വാർത്തകളും കഥകളും മറ്റും ഉച്ചഭാഷിണിയിൽ കൂടി അവതരിപ്പിക്കുക
7. ഡയറിക്കുറിപ്പ് എഴുതിക്കുക
8. പത്രപംക്തികളിൽ വരുന്ന ബാലപംക്തികളും വായിക്കുക

സ്റ്റാൻഡേർഡ് 6

6 പീരിയഡ്

1-ാം ഭാഗം—4 പീരിയഡ്

പാഠപുസ്തകം : ഗദ്യം— നാലുപുറം വീതമുള്ള ഇരുപതുപാഠം. വിവരണം, വർണ്ണനം, ആഖ്യാനം, സംഭാഷണം എന്നിങ്ങനെ വിവിധരചനാമാതൃകകളിലുള്ള പാഠങ്ങളും ഉണ്ടായിരിക്കണം. ജീവചരിത്രം, യാത്രാവിവരണം, ചെറുകഥ, നാടകം, കത്ത്, ഉപന്യാസം, ശാസ്ത്രലേഖനങ്ങളും എന്നീ സാഹിത്യരൂപങ്ങളിലുള്ള പാഠങ്ങളും വേണം തിരഞ്ഞെടുക്കേണ്ടത്. പാഠങ്ങളും ഭാഷാശുദ്ധി, രചനാഭംഗി എന്നിവ ഉള്ളവയായിരിക്കണം.

പദ്യം : 300 വരി. പ്രാചീനകവിതകളുംകൊപ്പം ആധുനികകവിതകൾക്കും അർഹമായ സ്ഥാനം ഉണ്ടായിരിക്കണം. എല്ലാ കവിതകളും ഹൃദിസ്ഥമാക്കണം.

പാഠപുസ്തകം ഉദ്ദേശം 120 പുറം ഉണ്ടായിരിക്കണം. ഏകദേശം 500 നൂതനപദങ്ങളും അവതരിപ്പിക്കണം.

വ്യാകരണം : മുൻസ്റ്റാൻഡേർഡുകളിൽ പഠിച്ച പാഠങ്ങളുടെ ആവർത്തനം. ക്രിയ— അവാന്തരവിഭാഗങ്ങളും മുറ്റുവിന, പറ്റുവിന മലയാള സന്ധി, സമാസം ചിഹ്നനം—ഉദ്ധരിണി.

ബോധനസൂചനകൾ : വായന, വചനശിക്ഷണം, പകർത്തിയെഴുത്ത് പദ്യപാരായണം എന്നിവ മുൻ സ്റ്റാൻഡേർഡുകളിലെപ്പോലെ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും തെറ്റാവുന്ന പദങ്ങളും കേട്ടെഴുത്തിന് നൽകേണ്ടതാണ്.

2—ാം ഭാഗം

2 പീരിയഡ്

ഉപപാഠപുസ്തകം : 100 മുതൽ 120 വരെ പേജ് വരുന്ന പുസ്തകം. കഥാസമാഹാരം, മഹാൻമാരുടെ ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം, ലഘൂപന്യാസം ഇവയിൽ എതെങ്കിലും ഒന്നു തിരഞ്ഞെടുക്കണം. ഭാഷ ലളിതവും ഉള്ളടക്കം ആകർഷകവും സ്റ്റാൻഡാർഡിന് യോജിച്ചതുമായിരിക്കണം.

ഉപപാഠപുസ്തകം നിർദ്ദേശാനുസരണം വീട്ടിൽ വച്ച് വായിക്കുവാൻ, കുട്ടികളെ പരിശീലിപ്പിക്കണം. വായിച്ച ഭാഗങ്ങളെപ്പറ്റി ക്ലാസ്സിൽ ചർച്ച ചെയ്യുകയും ചോദ്യങ്ങൾക്കുവാചികമായി ഉത്തരം പറയിച്ചശേഷം ഉത്തരമെഴുതിക്കുകയും ചെയ്യണം. എഴുതിയഭാഗം പരിശോധിച്ച് തെറ്റുള്ള ഭാഗം തിരുത്തിയെഴുതിക്കണം.

മൗനവായന ശീലിപ്പിക്കുന്നതിനുള്ള ഉപകരണമായും ഉപപാഠപുസ്തകം പ്രയോജനപ്പെടുത്തണം.

രചന : താഴെപറയുന്ന തരത്തിലുള്ള രചനകൾ ആകാം.

1. പഠിച്ച ഭാഗത്തിന്റെ ചുരുക്കം തയ്യാറാക്കുക
2. സ്വന്തം വാക്യത്തിൽ കഥ സംഗ്രഹിക്കുക
3. അനുഭവപരിധിയിൽപ്പെട്ട വിഷയങ്ങളെ ആസ്പദമാക്കി ലഘുവിവരങ്ങൾ എഴുതുക
4. മഹദ്വചനങ്ങളുടെ ആശയം വികസിപ്പിക്കുക
5. ലളിതപദ്യം പരാവർത്തനം ചെയ്യുക
6. കത്തുകൾ അപേക്ഷകൾ, ക്ഷണക്കത്തുകൾ എന്നിവ തയ്യാറാക്കുക

ഭാഷാശുദ്ധി, പൗർവാപര്യം, ഖണ്ഡികാകരണം, ചിഹ്നനം എന്നിവയിൽ ശ്രദ്ധിച്ച് രചനയെഴുതാൻ ഉപദേശിക്കണം. കുറഞ്ഞത് ഇരുപതു രചന എഴുതിച്ചു തിരുത്തിക്കണം.

വചനശിക്ഷണം രചനയുടെ ഭാഗമാണ്.

വേണ്ടമട്ടിൽ സംഭാഷണം ചെയ്യുന്നതിനും വാദപ്രതിവാദങ്ങളിൽ പങ്കുകൊണ്ട് അഭിപ്രായം പറയുന്നതിനും ലഘുപ്രസംഗങ്ങൾ ചെയ്യുന്നതിനും പരിശീലനം നൽകണം. ഇതിലേക്ക് പാഠാനുബന്ധ പ്രവർത്തനങ്ങൾ സംവിധാനം ചെയ്യുകയും വേണം.

സ്റ്റാൻഡേർഡ് 7

6 പീരിയഡ്

1-ാം ഭാഗം

4 പീരിയഡ്

പാഠപുസ്തകം : ഗദ്യം : 4 പുറം വരുന്ന ഇരുപതു പാഠങ്ങൾ. അവ വിവിധ സാഹിത്യരൂപങ്ങളുടെ മാതൃകയായിരിക്കണം. സാമൂഹ്യവും ശാസ്ത്രീയവുമായ വിഷയങ്ങൾ പ്രതിപാദിക്കുന്ന ഉപന്യാസങ്ങൾ ഉൾപ്പെടുത്താം. ശാസ്ത്രീയപാഠങ്ങൾ ലളിതമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കണം. കഥകൾ, ജീവചരിതങ്ങൾ, ലഘുനാടകങ്ങൾ, യാത്രാവിവരണങ്ങൾ, സംഭവങ്ങളുടെയും ദൃശ്യങ്ങളുടെയും വർണ്ണനകൾ എന്നിവയും ഉൾപ്പെടുത്തണം.

പദ്യം : 300 വരി. പതിനഞ്ചു പാഠങ്ങളിലായി മധ്യകാലകവികളുടെയും പ്രാചീനകവികളുടെയും ആധുനിക കവികളുടെയും കവിതകൾ ഉൾപ്പെടുത്തണം. എല്ലാ വരികളും കുട്ടികൾ ഹൃദിസ്ഥമാക്കണം.

പാഠപുസ്തകം ഉദ്ദേശം 120 പുറം വരുന്നതാകാം. 600 പുതിയ പദങ്ങൾ അവതരിപ്പിക്കാം.

വ്യാകരണം : വിഭക്തികളെക്കുറിച്ചുള്ള കൂടുതൽ പഠനം, അനുപ്രയോഗം, അപോദ്ധാരം, സംസ്കൃതത്തിൽ നിന്നു സ്വീകരിച്ച കൃത്തുകളും തദ്ധിതങ്ങളും.

വാക്യവിവർത്തനം : സാക്ഷാൽ സംഭാഷണം—അനഖ്യാത സംഭാഷണം.

ചൂർണ്ണിക—സങ്കീർണ്ണകം

കർത്തരിപ്രയോഗം—കർമ്മണിപ്രയോഗം

അലങ്കാരം : സാമ്യത്തെ ആസ്പദമാക്കിയുള്ള അലങ്കാരങ്ങളം— ഉപമ, ഉൽപ്രേക്ഷ, രൂപകം.

വൃത്തം : ഭാഷയിലെയും സംസ്കൃതത്തിലെയും വൃത്തങ്ങളുടെ സാമാന്യ സ്വഭാവങ്ങളും അവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളും.

ബോധനസൂചകം : ശ്രാവ്യവായന, മൗനവായന; കേട്ടെഴുത്ത്, പകർത്തിയെഴുത്ത് തുടങ്ങിയ പ്രവർത്തനങ്ങം തുടർന്നു നടത്തേണ്ടതാണ്.

2-ാംഭാഗം

2 പീരിയഡ്

ഉപപാഠപുസ്തകം : 120 പുറത്തോളം വരുന്ന ഒരു പുസ്തകം. കുട്ടി കൾക്ക് രസിക്കുന്ന കഥകം, ലഘുജീവചരിത്രങ്ങം, ലഘു പ്രബന്ധങ്ങം എന്നിവയിൽ ഉംപ്പെട്ട പുസ്തകമാവാം.

രചന : കുറഞ്ഞത് ഇരുപതു രചനയെഴുതിക്കണം. പരാവർത്തനം, വിവരണം, കത്തുകം ആശയവിപുലീകരണം, സാങ്കല്പിക സംഭാഷണം, സൂചനകം നൽകി കഥ വികസിപ്പിച്ചെഴുത്ത്, കഥാപാത്രമായി സങ്കല്പിച്ച് കഥ പറയുക, കഥയുടെ ആദ്യഭാഗം നൽകി സമുചിതമായി പൂരിപ്പിക്കുക എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങളാകാം.

ഹിന്ദി

സ്റ്റാൻഡേർഡ് 5

ആഴ്ചയിൽ പീരിയഡ്—2

ഒരു വർഷത്തെ ആകെ പീരിയഡ് ശ്രവണം, ഭാഷണം, വാചികാഭ്യാസം വായന, ലേഖനം എന്നിവയ്ക്കായി വീതിക്കാവുന്നതാണ്.

ശബ്ദാവലി : ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്ന 150 ശബ്ദങ്ങൾ ഈ ക്ലാസിൽ പഠിപ്പിക്കേണ്ടതാണ്. ആന്ധ്ര ഹിന്ദി ഇൻസ്റ്റിറ്റ്യൂട്ട് 1967-ൽ പ്രസിദ്ധം ചെയ്തിട്ടുള്ള ശബ്ദാവലി ഉപയോഗിക്കാവുന്നതാണ്.

വ്യാകരണം : ഏറ്റവും പ്രയോജനപ്രദമായ മുപ്പതു (30) വാക്യരീതികൾ ഈ ക്ലാസ്സിൽ പഠിപ്പിക്കേണ്ടതാണ്. ഇവയിൽ 'ഹൈ' ക്രിയകളും വളരെ സാധാരണമായ പത്തോ പതിനഞ്ചോ ക്രിയകളുടെ സാമാന്യവർത്തമാനകാല രൂപങ്ങളും വേണം.

രീതി : ഭാഷയുടെ മൌലികരൂപം വാചികമാണ്. അതുകൊണ്ട് വായനക്കുമുമ്പ് ശ്രവണവും ഭാഷണവും അഭ്യസിക്കേണ്ടതാണ്. ശ്രവണം, ഭാഷണം, വായന ഇവയ്ക്കുശേഷമേ ലേഖനം അഭ്യസിപ്പിക്കാവൂ. വാചികാഭ്യസന വേളയിൽ ഹിന്ദിയിലെ ധ്വനിവിശേഷങ്ങൾ മിക്കവയും അഭ്യസിപ്പിക്കേണ്ടതാണ്. 35 പീരിയഡ് മൌഖികാഭ്യസനത്തിനുശേഷം പാഠപുസ്തകം പഠിപ്പിക്കാൻ തുടങ്ങിയാൽ മതി.

പാഠപുസ്തകം : ഉദ്ദേശം 40 പേജ് വരുന്ന വായനസാമഗ്രികളും ചിത്രങ്ങളും ഇവ പുസ്തകത്തിൽ ഉണ്ടായിരിക്കണം. മൌഖികമായി അഭ്യസിച്ച എല്ലാ വാക്കുകളും വാക്യരീതികളും പല പല സന്ദർഭങ്ങളിൽ പ്രയോഗിക്കുന്ന പാഠങ്ങളാണ് ഉൾക്കൊള്ളിക്കേണ്ടത്. മൂന്നു ദേശഭക്തി ഗാനങ്ങളും ഈ ക്ലാസ്സിൽ അഭ്യസിപ്പിക്കണം.

സ്റ്റാൻഡേർഡ് 6

ആഴ്ചയിൽ പീരിയഡ് 3

ശബ്ദാവലി : നിത്യജീവിതത്തിൽ ആവശ്യമായ 300 വാക്കുകൾ ഈ സ്റ്റാൻഡേർഡിൽ പഠിപ്പിക്കണം. തിരഞ്ഞെടുക്കുന്ന വാക്കുകളിൽ ഫലങ്ങൾ വസ്ത്രങ്ങൾ പാനീയങ്ങൾ നിറങ്ങൾ മുതലായവയുടെ പേരുകളും ദൈനംദിന പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന ക്രിയകളും സാധാരണ വിശേഷണങ്ങളും കാലം, സ്ഥലം, രീതി ഇവയെകുറിക്കുന്ന ക്രിയാവിശേഷണങ്ങളും സംയോജകങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

വ്യാകരണം : സാമാന്യഭൂതകാലം, സകർമ്മകക്രിയകളും അകർമ്മകക്രിയകളും താല്ക്കാലികവർത്തമാനകാലം, ഭാവികാലം, വിധിക്രിയ, എന്നിവ അഭ്യസിപ്പിക്കുവാൻ ഉചിതമായ വാക്യരീതികൾ ഉപയോഗിക്കേണ്ടതാണ്. ധാരാളം ഉദാഹരണങ്ങളിലൂടെ വ്യാകരണരൂപങ്ങൾ ഉറപ്പിക്കണം.

രീതിയും പാഠപുസ്തകവും : ഈ സ്റ്റാൻഡേർഡിൽ ഭാഷാനൈപുണ്യങ്ങൾ നേടുന്നതിനുവേണ്ടി പാഠപുസ്തകത്തിലെ പാഠങ്ങളെ അടിസ്ഥാനമായി സ്വീകരിക്കാം. വീട്, ഗ്രാമം, വഴി, വിദ്യാലയം, കളിസ്ഥലം, ബസ്സ് സ്റ്റോപ്പ്, പോസ്റ്റാഫീസ്, ചന്ത, തോട്ടം, പാടം, വളർത്തുമൃഗങ്ങൾ മുതലായ വിഷയങ്ങളെപ്പറ്റിയുള്ള പാഠങ്ങൾ മേൽപറഞ്ഞ വ്യാകരണ കാര്യങ്ങളും ശബ്ദാവലിയും അഭ്യസിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കാം.

ഈ ക്ലാസ്സിൽ വാചികാഭ്യസനത്തിനു പ്രത്യേകം പീരിയഡുകൾ മാറ്റിവയ്ക്കേണ്ടതില്ല. ഓരോ പീരിയഡിലും ഉദ്ദേശം പകുതിസമയം വാക്യ രീതികളും ഉച്ചാരണത്തിന്റെ സവിശേഷതകളും അഭ്യസിപ്പിക്കാനായി ഉപയോഗിക്കാം. എല്ലാ വിദ്യാർത്ഥികൾക്കും ഭാഷണാഭ്യാസം ലഭിക്കത്തക്കവണ്ണം ഗ്രൂപ്പു പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഓരോ പീരിയഡിലും വായനയും ലേഖനവും ഉണ്ടായിരിക്കേണ്ടതാണ്. ഒരു പീരിയഡിലെ സമയം ചുവടെ ചേർക്കുന്ന രീതിയിൽ വിഭജിക്കാം.

ശ്രവണവും ഭാഷണവും	20	മിനിറ്റ്
വായന	15	,,
ലേഖനം	10	,,
ആകെ	45	,,

പദ്യം : ദേശഭക്തിഗാനങ്ങളുൾപ്പെടെ അഞ്ചു കവിതകൾ ഈ ക്ലാസ്സിൽ അഭ്യസിപ്പിക്കേണ്ടതാണ്.

സ്റ്റാൻഡേർഡ് 7

ആഴ്ചയിൽ പീരിയഡുകൾ—3

ശബ്ദാവലി : മുൻ ക്ലാസ്സുകളിലേക്കാൾ കൂടുതൽ വ്യാപകമായ അനുഭവങ്ങൾ പ്രകടിപ്പിക്കുന്ന 400 പദങ്ങൾ ഈ ക്ലാസ്സിൽ അഭ്യസിപ്പിക്കണം.

വ്യാകരണം : ചുവടെ ചേർക്കുന്ന വ്യാകരണകാര്യങ്ങൾ പഠിപ്പിക്കാൻ ആവശ്യമായ വാക്യങ്ങളും പദബന്ധങ്ങളും പ്രയോഗിക്കേണ്ടതാണ്.

1. ആസന്നഭൂതകാലം—സകർമ്മകക്രിയകളുടേയും അകർമ്മകക്രിയകളുടേയും എല്ലാ രൂപങ്ങളും.
2. താൽക്കാലിക ഭൂതകാലം.
3. അനുജ്ഞ, അനുഗ്രഹം, ഇവ പ്രകടിപ്പിക്കുന്ന ക്രിയാരൂപങ്ങൾ.
4. കഴിവിനെ സൂചിപ്പിക്കുന്ന सक (വർത്തമാനകാലം മാത്രം).
5. ആഗ്രഹം സൂചിപ്പിക്കുന്ന चाहिये.
6. ക്രിയാപൂർത്തി സൂചിപ്പിക്കുന്ന चुक (ഭൂതകാലം മാത്രം)
7. ആരംഭത്തെ സൂചിപ്പിക്കുന്ന लग (ഭൂതകാലം മാത്രം)
8. ധാതുവിനോട് कर ചേർത്തുള്ള പൂർവ്വകാലിക രൂപം.
9. മുൻപറഞ്ഞ എല്ലാറ്റിന്റേയും നിഷേധരൂപങ്ങൾ.

രീതി : ഈ സ്റ്റാൻഡേർഡിൽ ഭാഷാനൈപുണ്യങ്ങൾ നേടുന്നതിന് പാഠപുസ്തകം അടിസ്ഥാനമായി ഉപയോഗിക്കാം. മുൻ ക്ലാസ്സുകളിൽ ദേവനാഗരിലിപിയും ഹിന്ദി ഉച്ചാരണവ്യവസ്ഥയും വിദ്യാർത്ഥികൾ പഠിച്ചിരിക്കും. അതുകൊണ്ട് പാഠപുസ്തകം വായിക്കുവാൻ വിദ്യാർത്ഥികൾക്കു കഴിയും. എന്നാൽ പാഠപുസ്തകത്തിന്റെ വായനയോടെ പാഠം തുടങ്ങുന്നതിനു പകരം ഓരോ പാഠത്തിലും വന്നിട്ടുള്ള നൂതന പദങ്ങളും വാക്യരീതികളും വാചികമായി അഭ്യസിപ്പിച്ചതിനുശേഷം വായന തുടങ്ങുന്നതാണ് നല്ലത്. അപ്പോൾ പാഠത്തിലുള്ള ആശയങ്ങൾ ഗ്രഹിക്കാനുള്ള പ്രവർത്തനം എന്ന നിലയ്ക്ക് വായന ശീലിപ്പിക്കാം. പാഠങ്ങൾ ഈ രീതിയിൽ കൈകാര്യം ചെയ്യാൻ പറ്റിയതായിരിക്കണം.

പാഠപുസ്തകം : മേൽപ്പറഞ്ഞ വ്യാകരണകാര്യങ്ങളും ശബ്ദാവലിയും അഭ്യസിപ്പിക്കാനുതകിയ വായനാസാമഗ്രികൾ പാഠപുസ്തകത്തിൽ ഉണ്ടായിരിക്കണം. ചുവടെ ചേർക്കുന്ന ഇനം പാഠങ്ങൾ അനുയോജ്യമായിരിക്കും.

1. ലഘുകഥകൾ
   (a) ഒരു കർഷകൻ
   (b) ഒരു തൊഴിലാളി
   (c) ഒരുദ്യോഗസ്ഥൻ, എന്നവരുടെ ജീവിതത്തിലെ ദൈനംദിന ജീവിത സംഭവങ്ങൾ.

3. ഒരു ആഘോഷം
4. ഒരു സാങ്കല്പിക ഭാവി സംഭവം
5. രസകരമായ ഏതെങ്കിലും വിഷയത്തെപ്പറ്റി ഒരു സംഭാഷണം.
6. മഹാൻമാരുടെ ജീവിതത്തിലെ രസകരമായ സംഭവങ്ങൾ
7. സുഹൃത്തിനൊരു കത്ത്

ഓരോ പാഠത്തിന്റെയും അവസാനം അർത്ഥ ഗ്രഹണത്തെ പരിശോധിക്കുന്ന ചോദ്യങ്ങളും വ്യാകരണാഭ്യാസങ്ങളും ഉണ്ടായിരിക്കണം.

പദ്യം : ദേശഭക്തി ഗാനങ്ങളും കവിതകളും അഞ്ചെണ്ണം.

തർജ്ജമ : വ്യാകരണാഭ്യാസം എന്ന നിലയ്ക്ക് തർജ്ജമ ഉപയോഗിക്കാവുന്നതാണ്.

രചന : പാഠപുസ്തകത്തിലെ അഭ്യാസങ്ങളും തർജ്ജമയ്ക്കുള്ള അഭ്യാസങ്ങളും മാത്രം.

സംസ്കൃതം

സ്റ്റാൻഡേർഡ്—5—7.

ഉപക്രമം— അഞ്ചാം ക്ലാസിൽ തുടങ്ങി പത്താം ക്ലാസിൽ അവസാനിക്കുന്ന സംസ്കൃതപഠനം കൊണ്ട് വിദ്യാർത്ഥികൾക്ക് സംസ്കൃതത്തിലുള്ള കാവ്യനാടക പുരാണാദികളും വായിച്ച് അർത്ഥം മനസ്സിലാക്കുവാനും കോളേജുക്ലാസ്സുകളിൽ ചേർന്ന് ഉപരി ഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും പഠിക്കുവാനും ആവശ്യമായ ഭാഷാപരിചയമുണ്ടാവണം. സംസ്കൃതസാഹിത്യത്തിലെ കനത്ത സാഹിത്യ സമ്പത്ത് ആസ്വദിക്കുവാനും പലവുരു നിഘണ്ടുക്കളും മാറും മറിച്ചു നോക്കാതെ ലളിതമായ സംസ്കൃത ഭാഗങ്ങൾ ഗ്രഹിക്കുവാനും, നിർഗ്ഗളമായ ഉച്ചാരണ ശുദ്ധിയോടുകൂടി, ഭാഷയുടെ സൗന്ദര്യം നഷ്ടപ്പെടുത്താതെ സംസ്കൃതം പാരായണം ചെയ്യുന്നതിനും വിദ്യാർത്ഥികളെ കഴിവുള്ളവരാക്കേണ്ടതാണ്. പിൽക്കാലത്ത് സാഹിത്യത്തിലെ സുനന്ദരതരങ്ങളായ ഭാഗങ്ങൾ സ്വയം വായിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വ്യാഖ്യാനവും നിഘണ്ടുവും കയ്യിലുണ്ടെങ്കിൽ അതു സാദ്ധ്യമായിത്തീരത്തക്ക വണ്ണം ഭാഷയുടെ കെട്ടുപാട് വിദ്യാർത്ഥി മനസ്സിലാക്കിയിരിക്കണം. ഇതോടൊപ്പം പ്രാദേശിക ഭാഷ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് കഴിവു നേടുകകൂടി സംസ്കൃതപഠനത്തിന്റെ ലക്ഷ്യമായിരിക്കേണ്ടതാണ്.

കൂടുതൽ പദപരിചയമുണ്ടാക്കുവാനും വ്യവഹാരശൈലി പരിശീലിപ്പിക്കുവാനും ഉതകുന്നതും പരിതഃസ്ഥിതിക്കു ചേർന്നതായ വിഷയങ്ങളെ പ്രതിപാദിക്കുന്നതും ആയ ഗദ്യപാഠങ്ങളും വിദ്യാർത്ഥികളുടെ മാനസിക വികാസത്തിനു അനുയോജ്യമായ പദ്യ ഭാഗങ്ങളും പാഠപുസ്തകത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. പദ്യപാഠങ്ങൾ ആസ്വാദനരീതിയിൽ പഠിപ്പിക്കണം.

പൊതുവിദ്യാലയങ്ങളിൽ പത്താം സ്റ്റാൻഡേർഡ്വരെ സംസ്കൃതാദ്ധ്യയനത്തിന്റെ മാധ്യമം പ്രാദേശിക ഭാഷയായിരിക്കണം. എങ്കിലും സംസ്കൃതത്തിൽ ലളിത വാക്യങ്ങൾ എഴുതുവാനും സംസാരിക്കുവാനും വിദ്യാർത്ഥികൾക്ക് കഴിവുണ്ടാകുമാറ് ഋജു രീതിയും യഥോചിതം ഉപയോഗിക്കേണ്ടതാണ്.

എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യപത്രം സംസ്കൃതത്തിലായിരിക്കും. പദ്യങ്ങളുടേയോ ഗദ്യഭാഗങ്ങളുടേയോ അർത്ഥങ്ങൾ, ഉപന്യാസരീതിയിലുള്ള ഉത്തരങ്ങൾ എന്നിവ പ്രാദേശിക ഭാഷയിൽ എഴുതാവുന്നതാണ്. ഒന്നോ രണ്ടോ വാക്യങ്ങളിൽ എഴുതേണ്ട ഉത്തരങ്ങളും പ്രത്യേകം നിർദ്ദേശിച്ച ഉത്തരങ്ങളും സംസ്കൃതത്തിൽ എഴുതണം.

സംസ്കൃത വിദ്യാലയങ്ങളിലെ എസ്. എസ്. എൽ, സി. പരീക്ഷയിൽ പ്രാദേശിക ഭാഷയിൽ എഴുതണമെന്ന് നിർദ്ദേശിക്കാത്ത ഉത്തരങ്ങൾ സംസ്കൃതത്തിൽത്തന്നെ എഴുതേണ്ടതാണ്.

ഉച്ചാരണാഭ്യാസം, ചോദ്യോത്തര രീതി, സംഘയത്നം, വ്യക്തിയത്നം, വായന എന്നിവയ്ക്ക് സംസ്കൃതാഭ്യസനത്തിൽ സ്ഥാനം ഉണ്ടായിരിക്കേണ്ടതാണ്.

പരിചിത വസ്തുക്കളെപ്പറ്റിയുള്ള സംഭാഷണം വഴിയായി പാഠം അവതരിപ്പിക്കാം. മാതൃഭാഷയിലും, സംസ്കൃതത്തിലും പരിചയിച്ചിട്ടുള്ള പദങ്ങളായിരിക്കണം സംസ്കൃതത്തിലുള്ള സംഭാഷണത്തിൽ കൂടുതൽ ഉപയോഗിക്കേണ്ടത്.

ലഘുകഥകളും, സംഭാഷണങ്ങളും ലളിതമായ സുഭാഷിത പദ്യങ്ങളും വായനയ്ക്ക് ഉപയോഗിക്കാവുന്നതാണ്. അഭിനയത്തിനു ഉചിതമായ ഭാഗങ്ങൾ അദ്ധ്യാപകൻ തിരഞ്ഞെടുക്കാവുന്നതാണ്. അത്തരത്തിലുള്ള പാഠങ്ങൾ പാഠപുസ്തകത്തിൽ ഉണ്ടായിരുന്നാൽ നന്ന്.

പദ്യപാഠത്തിനുശേഷം കവിതാവാചനം, കാണാതെ പദ്യം ചൊല്ലൽ, അക്ഷര ശ്ലോകം എന്നിവയും നാടകാഭിനയവും കുട്ടികളുടെ ഭാഷാഭ്യസനത്തെ പ്രോൽസാഹിപ്പിക്കുക മാത്രമല്ല, അവരിൽ ഭാഷാപരമായ ശീലങ്ങൾ ഉറപ്പിക്കുകയും ചെയ്യും.

ഭാഷയുടെ സ്വരൂപം, ഉപയോഗം എന്നിവയെപ്പറ്റി നിഷ്കൃഷ്ടമായ ബോധം ലഭിക്കുവാൻ വിവർത്തനം നല്ലൊരു സഹായമാണ്.

രചനയെഴുത്തു മെച്ചപ്പെടുവാൻ സംസ്കൃതത്തിൽ നിന്നും പ്രാദേശിക ഭാഷയിലേക്കും പ്രാദേശിക ഭാഷയിൽ നിന്നും സംസ്കൃതത്തിലേക്കും ഉള്ള പരസ്പര വിവർത്തനവും അതോടൊപ്പം ചെയ്യുന്ന താരതമ്യ പഠനവും സഹായകമാണ്.

ചെറുവാക്യങ്ങൾ പകർത്തിയെഴുതുന്നതിനും കഠിന പദങ്ങൾ കേട്ടെഴുത്തിനും നൽകേണ്ടതാണ്. അക്ഷരമുപയോഗിച്ച് പദനിർമ്മാണം, പദംനൽകി വാക്യമുണ്ടാക്കൽ, വാക്യം പൂർത്തിയാക്കൽ എന്നിത്യാദി ലേഖനാഭ്യാസങ്ങൾ താഴ്ന്ന ക്ലാസ്സുകളിൽ രചനയെഴുത്തിന്റെ ആദ്യപടിയായി നൽകാവുന്നതാണ്. ഏതെങ്കിലും വിഷയത്തെ ആസ്പദമാക്കി രചനയെഴുതുന്നതിന് ഉയർന്ന ക്ലാസ്സുകളിൽ ശീലിപ്പിക്കണം.

പഠനോപയോഗിയായ ഉപകരണങ്ങൾ അദ്ധ്യാപകൻ സ്വയം നിർമ്മിക്കേണ്ടതാണ്. ഉദാഹരണമായി ധാതുവിനുണ്ടാകുന്ന രൂപഭേദങ്ങൾ പഠിപ്പിച്ചശേഷം അവ ഒരു ചാർട്ടിൽ രേഖപ്പെടുത്തി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നതുകൊണ്ട് ആ രൂപങ്ങൾ എളുപ്പത്തിൽ മനസ്സിൽ പതിയുന്നതാണ്. സംസ്കൃത വിദ്യാലയങ്ങളിൽ ചാർട്ടുകൾ രചിച്ച് ഭിത്തിചിത്രങ്ങളായി പ്രദർശിപ്പിക്കാവുന്നതാണ്.

ഭാഷ കൈകാര്യം ചെയ്യുവാൻ ആവശ്യമായ വ്യാകരണം പഠിപ്പിക്കണം. അതു പഠിച്ചഭാഗങ്ങളെ അവലംബിച്ച് നിർവഹിക്കണം. പാഠങ്ങൾ അതിനുയോജിച്ച രീതിയിൽ രചിച്ചിരിക്കണമെന്നത് അനുകൂലസിദ്ധം. നിയമങ്ങൾക്കല്ല പ്രയോഗങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. വ്യാകരണ കാര്യങ്ങൾ തത്തുല്യമാനമാന രീതിയിൽ പഠിപ്പിക്കണം. അവ അതാതു ക്ലാസ്സുകളിൽ വേണ്ട വണ്ണം ദൃഢപ്പെടുത്തുവാൻ അദ്ധ്യാപകന്റെ ആത്മാർത്ഥമായ ശ്രമം എത്രത്തോളം കൂടുമോ അത്രത്തോളം നന്ന്.

കാവ്യം, പദങ്ങളുടെ രൂപം ചൊല്ലിച്ചും, അന്തലിങ്ഗ വിഭക്തി ലകാര പുരുഷ വചനാദികൾ പറയിച്ചും ആകാംക്ഷിച്ചന്വയിച്ചും, അന്വയാർത്ഥം, പരിഭാഷ എന്നിവ പറയിച്ചും പഠിപ്പിക്കുന്നതുകൊണ്ട് സിദ്ധരൂപ വിഭക്ത്യർത്ഥാദികൾ ദൃഢപ്പെടുത്താൻ കഴിയും.

അദ്ധ്യാപകൻ ആസ്വാദന പ്രധാനമായ സാഹിത്യകൃതികളെ ഹൃദ്യമായ രീതിയിൽ ചൊല്ലിക്കേൾപ്പിച്ച് വിദ്യാർത്ഥികൾക്ക് പാഠ്യപുസ്തകങ്ങൾക്കു പുറമേ മറ്റു സാഹിത്യകൃതികളും സ്വയം വായിച്ചാസ്വദിക്കുന്നതിനുള്ള

ആസക്തി ഉണ്ടാക്കേണ്ടതാണ്. അതിനുവേണ്ടി ഉപപാഠ പുസ്തകങ്ങളും മറ്റു ഭാഷകളിൽ ഉള്ളതുപോലെ സംസ്കൃതത്തിലും [നിശ്ചയിക്കുന്നതു നല്ലതാണ്. അത് വ്യാപകമായ ഭാഷാഭ്യസനത്തിനു അത്യാവശ്യമാണല്ലോ.

സ്റ്റാൻഡേർഡ്–5.

(പീരിയഡ്—4)

1. അക്ഷരമാലയുടേയും സംയുക്താക്ഷരങ്ങളുടേയും പത്തുവരെ സംഖ്യകളുടേയും നാഗരലിപി.

2. സിദ്ധരൂപം.

(എ) അജന്ത സാമാന്യ ശബ്ദങ്ങളുടെ മൂന്നു ലിങ്ഗത്തിലും അനുക്രമം ഓരോ മാതൃക. അസ്മദ്, യുഷ്മദ്, യദ്, തദ്, ഏതദ്, കിം, ഇദമ് ഈ ശബ്ദങ്ങളുടെ മൂന്നു ലിങ്ഗത്തിലുമുള്ള രൂപങ്ങൾ.

(ബി) ലട്, ലൃട്, ലോട്, ലങ് എന്നു ലകാരങ്ങൾ. ഭൂ, വന്ദ് എന്നീ ധാതുക്കൾ മാതൃകയാക്കുക.

3. വ്യാകരണം :— സുബ് വിഭക്തികളുടേയും തിങ് വിഭക്തികളുടേയും കാരക കാലാദ്യർത്ഥഭേദങ്ങളും കർതൃ ഭേദമനുസരിച്ച് [ക്രിയാരൂപത്തിൽ വരുത്തേണ്ടതായ പുരുഷ വചന ഭേദവും.

4. പാഠപുസ്തകം:— പാഠാവലിയിലെ ഒന്നാം പുസ്തകം (രണ്ടാം ഖൺഡികയോടു യോജിക്കുന്ന വിധത്തിലും അന്തലിങ്ഗവിഭക്തി വചന ലകാരങ്ങൾ [ക്രമത്തിൽ പരിചയിപ്പിക്കത്തക്ക വിധത്തിലും ലളിതഗദ്യത്തിലെഴുതിയ മുപ്പതു പാഠങ്ങളും പത്തു അനുഷ്ടുപ് പദ്യങ്ങളും അടങ്ങിയത്. ചിത്രങ്ങൾ ഉണ്ടായിരിക്കണം. സിദ്ധരൂപങ്ങൾ സമാഹരിച്ച് പാഠപുസ്തകങ്ങളുടെ ഒടുവിൽ ചേർക്കണം.)

5. വ്യവഹാരപരിശീലനം :— പഠിപ്പിച്ചുകഴിയുന്ന പാഠത്തിലുള്ള പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുവാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുക.

6. ഗൃഹപാഠം :— പഠിച്ച പാഠത്തിലുള്ള സുബന്ത തിങന്തങ്ങളുടെ സിദ്ധരൂപം കാണാതെ ചൊല്ലുവാൻ പഠിക്കുക. കയ്യെഴുത്തു നന്നാകുന്നതിനു പകർത്തിയെഴുതുക. ലളിത വാക്യങ്ങൾ മലയാളത്തിൽ നിന്നും സംസ്കൃതത്തിലേയ്ക്കും മറിച്ചും വിവർത്തനം ചെയ്യുക. പദ്യങ്ങൾ കാണാതെ പഠിക്കുക.

സ്റ്റാൻഡേർഡ്–6.

(പീരിയഡ്—4)

1. സിദ്ധരൂപം:— (എ) ഹലന്തനാമങ്ങളുടെ മൂന്ന് ലിങ്ഗത്തിലുമുള്ള രൂപങ്ങൾ.

(ബി) ലിട്, ലുട്, ലിങ്, ആശിഷിലിങ്, ലുങ്, ലൃങ് എന്നീ ലകാരങ്ങൾ—ഭൂ, വന്ദ് എന്നീ ധാതുക്കൾ മാതൃക.

2. പാഠപുസ്തം:— പാഠാവലിയിലെ രണ്ടാം പുസ്തകം. (ഒന്നാം ഖണ്ഡികയോടുയോജിച്ച് അഞ്ചാം സ്റ്റാൻഡേർഡിലെ പുസ്തകത്തിന്റെ

തുടർച്ചയാകാവുന്നവിധം എഴുതപ്പെട്ട മുപ്പതു ഗദ്യപാഠങ്ങളും ശ്രീരാമോദന്ത ത്തിലെ ആദ്യത്തെ നാല്പതു പദ്യങ്ങളും പതിനഞ്ചു സുഭാഷിത ശ്ലോകങ്ങളും ഉൾക്കൊള്ളുന്നത്.)

3. വ്യാകരണം:— പുതുതായി പഠിച്ച ലകാരങ്ങളുടേയും കൃത്പ്, ഭ്യപ്, തുമുൻ എന്നിവയുടേയും അതിപ്രസിദ്ധങ്ങളായ മറവ്യയങ്ങളുടേയും അർത്ഥവും ഉപയോഗ ക്രമവും.

4. വ്യവഹാര പരിശീലനം:— പഠിച്ച പാഠത്തിലെ പദങ്ങളുപയോഗിച്ച് ഉത്തരം പറയാവുന്നവിധം സംസ്കൃത്തിൽ ചോദ്യങ്ങൾ ചോദിച്ച് വിദ്യാർത്ഥികളെക്കൊണ്ട് ഉത്തരം പറയിക്കുക. കേട്ടെഴുത്തു നൽകുക.

5. ഗൃഹപാഠം:— അഞ്ചാം സ്റ്റാൻഡേർഡിലെപ്പോലെ.

സ്റ്റാൻഡേർഡ്—7.

(പിരിയഡ്—4)

1. സിദ്ധരൂപം:— വിശേഷ നാമരൂപങ്ങളും പാഠപുസ്തകത്തിൽ വരുന്ന വികരണാന്തരലകാരങ്ങളും.

2. പാഠപുസ്തകം:— പാഠാവലിയിലെ മൂന്നാം പുസ്തകം (മുൻ സ്റ്റാൻഡേർഡിലേക്കു നിർദ്ദേശിച്ച സമ്പ്രദായത്തിൽ എഴുതപ്പെട്ടതോ പൂർവഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതോ ആയ ഇരുപത് ഗദ്യപാഠങ്ങളും ശ്രീകൃഷ്ണ വിലാസത്തിലെ മുപ്പതു പദ്യങ്ങളും അനുഷ്ടുപ് വൃത്തത്തിൽ ഇരുപത്തിയഞ്ചു സുഭാഷിതങ്ങളും).

3. വ്യാകരണം:— കർത്തരി കർമ്മണി ഭാവേ പ്രയോഗങ്ങൾ. പാഠപുസ്തകത്തിൽ വരുന്ന സന്ധിസമാസങ്ങൾ.

4. വ്യവഹാര പരിശീലനം:— മുൻ ക്ലാസ്സിലേക്കു നിർദ്ദേശിച്ചപോലെ ചോദ്യോത്തരങ്ങളും തർജ്ജമയും, സ്വതന്ത്രരചനയും.

5. ഗൃഹപാഠം:— പുതുതായി പഠിച്ച രൂപങ്ങളും പദ്യങ്ങളും കാണാപ്പാഠമാക്കുക. സിദ്ധരൂപങ്ങളുടെ ആവർത്തനാഭ്യസനം.

സംസ്കൃത വിദ്യാലയങ്ങൾ—സംസ്കൃതം.

സ്റ്റാൻഡേർഡ്—5.

(പിരിയഡ്—9)

(എ) 1. അക്ഷരമാലയുടേയും സംയുക്താക്ഷരങ്ങളുടേയും പത്തു വരെ സംഖ്യകളുടേയും നാഗരലിപി.

2. സിദ്ധരൂപം— (1) അജന്തസാമാന്യ നാമങ്ങളുടെ മൂന്ന് ലിങ്ഗത്തിലും അനുക്രമം ഓരോ മാതൃക. അസ്മദ്, യുഷ്മദ്, യദ്, തദ്, ഏതദ്, കിം, ഇദം ഈ ശബ്ദങ്ങളുടെ മൂന്ന് ലിങ്ഗത്തിലുമുള്ള രൂപങ്ങൾ.

(2) ലട്, ലൃട്, ലോട്, ലങ് എന്നീ ലകാരങ്ങൾ. ഭൂ, വന്ദ് എന്നീ ധാതുക്കൾ മാതൃകയായി സ്വീകരിക്കണം.

3. വ്യാകരണം:— സുബ് വിഭക്തികളുടേയും തിങ് വിഭക്തികളുടേയും കാരക കാലാഭ്യർത്ഥഭേദങ്ങളും കർത്തൃഭേദമനുസരിച്ച് ക്രിയാരൂപത്തിൽ വരുത്തേണ്ടതായ പൂരുഷവചനഭേദവും.

4. പാഠപുസ്തകം:— പാഠാവലിയിലെ ഒന്നാം പുസ്തകം.

5. വ്യവഹാര പരിശീലനം:— പഠിപ്പിച്ചു കഴിയുന്ന പാഠത്തിലുള്ള പദങ്ങളുപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുവാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുക.

6. ഗൃഹപാഠം:— പഠിപ്പിച്ച പാഠത്തിലുള്ള സുബന്തതിങന്തങ്ങളുടെ സിദ്ധരൂപവും പാഠപുസ്തകത്തിലെ പദ്യങ്ങളും. 'ബി'യിൽ നിർദ്ദേശിക്കുന്ന അമരം കാണാതെ ചൊല്ലുവാൻ പഠിക്കുക. പാഠം പകർത്തിയെഴുതുക. വിവർത്തനം.

(ബി) 1. അമരസംഗ്രഹം:— സ്വർഗ്ഗവർഗ്ഗം മുതൽ കാലവർഗ്ഗം കഴിയുന്നതു വരെ.

(2) കേട്ടെഴുത്ത്, പകർത്തിയെഴുത്ത് എന്നിവ നടത്തണം.

(3) ബാല പ്രബോധനം (കാണാപ്പാഠമായി പഠിപ്പിച്ച് പാഠപുസ്തകം പഠിപ്പിക്കുമ്പോൾ പ്രസക്തമാകുന്ന ഭാഗം മാത്രം ക്രമത്തിൽ വിവരിച്ച് കുട്ടികളെ അർത്ഥം ഗ്രഹിപ്പിച്ചാൽ മതി.

സ്റ്റാൻഡേർഡ്—6.

(പീരിയഡ്—8)

(എ) 1. സിദ്ധരൂപം:— (1) ഹലന്ത നാമങ്ങളുടെ മൂന്നു ലിങ്ഗത്തിലും രൂപങ്ങൾ.

(2) ലിട്, ലുട്, ലിങ്, ആശിഷിലിങ്, ലുങ്, ലൃങ് എന്നീലകാരങ്ങൾ—ഭൂ, വദ് എന്നീധാതുക്കളെ മാതൃകയാക്കുക.

2. പാഠപുസ്തകം:— പാഠാവലിയിലെ രണ്ടാം പുസ്തകം.

3. വ്യാകരണം:— പുതുതായി പഠിച്ച ലകാരങ്ങളുടേയും ക്ത്വാ, ല്യപ്, തുമുൻ എന്നിവയുടേയും അതിപ്രസിദ്ധങ്ങളായ മറ്റവ്യയങ്ങളുടേയും അർത്ഥവും ഉപയോഗക്രമവും.

4. വ്യവഹാര പരിശീലനം:— പഠിച്ച പാഠങ്ങളിലെ പദങ്ങൾ ഉപയോഗിച്ച് ഉത്തരം പറയാവുന്നവിധം സംസ്കൃതത്തിൽ ചോദ്യങ്ങൾ ചോദിച്ച് വിദ്യാർത്ഥികളെക്കൊണ്ട് ഉത്തരം പറയിക്കുക. കേട്ടെഴുത്ത് നൽകുക.

5. ഗൃഹപാഠം:— അഞ്ചാം സ്റ്റാൻഡേർഡിലെപ്പോലെ.

(ബി) 1. അമര സംഗ്രഹം:— ധീവർഗ്ഗം മുതൽ വാരി വർഗ്ഗം കഴിയുന്നതുവരെ.

2. അ പി, ച, ക്ത്വാ, ല്യപ്, തുമുൻ മുതലായവ ഉപയോഗിച്ച് ഏക വാക്യം ഭിന്ന വാക്യങ്ങളാക്കുവാനും ഭിന്നവാക്യം ഏക വാക്യമാക്കുവാനും ശീലിപ്പിക്കുക.

3. സമാസ ചക്രം:— (ബാല പ്രബോധനം പോലെ അദ്ധ്യാപനം ചെയ്യണം.)

സ്റ്റാൻഡേർഡ്—7.

(പിരിയഡ്—8)

(എ) 1. സിദ്ധരൂപം:— വിശേഷ നാമ രൂപങ്ങളും പാഠപുസ്തകത്തിൽ വരുന്ന വ്യാകരണാന്തര ലകാരങ്ങളും.

2. പാഠപുസ്തകം:— പാഠാവലിയിലെ മൂന്നാം പുസ്തകം.

3. വ്യാകരണം:— കർത്തരി കർമ്മണി ഭാവേ പ്രയോഗങ്ങൾ; പാഠപുസ്തകത്തിൽ വരുന്ന സന്ധിസമാസങ്ങൾ.

4. വ്യവഹാര പരിശീലനം:— മുൻ സ്റ്റാൻഡേർഡിലേക്ക് നിർദ്ദേശിച്ചതുപോലെ ചോദ്യോത്തരങ്ങളും വിവർത്തനവും, സ്വതന്ത്രരചനയും.

5. ഗൃഹപാഠം:— മുൻ സ്റ്റാൻഡേർഡിലെപ്പോലെ .

(ബി) 1. അമര സംഗ്രഹം:— ഭൂമിവർഗ്ഗം മുതൽ മനുഷ്യവർഗ്ഗം കഴിയുന്നതു വരെ.

2. ഉപപാഠപുസ്തകം:— ആശയപ്പുതുമയും വൈചിത്ര്യവും വരുത്തി പുതുതായി എഴുതപ്പെട്ടതോ പൂർവ്വഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധൃതങ്ങളോ ആയ ലളിത ഗദ്യപാഠങ്ങൾ ഉൾക്കൊള്ളുന്നത്. (45 പുറം 14 pt. type).

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM, 1973.